# നന്മ

കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

• വാല്യം 3 • ലക്കം 2

• ജൂലൈ 2018




## ലക്ഷ്യബോധമുള്ളവരാകുക

പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന എല്ലാ കൂട്ടുകാർക്കും വിജയാശംസകൾ നേരുന്നു. പഠനകാലം ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവങ്ങൾ സമ്മാനിക്കുന്ന ദിനങ്ങളാണല്ലോ. ലക്ഷ്യബോധത്തോടെ ശരിയായി നമ്മുടെ സമയം വിനിയോഗിക്കുക. 9, 10 ക്ലാസ്സുകളിൽ എത്തുമ്പോൾ നിങ്ങളുടെ അഭിരുചിയും താത്പര്യവും കൂട്ടുകാർ തിരിച്ചറിഞ്ഞിരിക്കണം. ഇഷ്ടമുള്ള വിഷയങ്ങൾ തിരഞ്ഞെടുക്കുവാനും അതനുസരിച്ച് മുമ്പോട്ടുപോകുവാനും നിങ്ങൾക്ക് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഉന്നതമായ സ്വപ്നങ്ങളെ താലോലിക്കുക. അതനുസരിച്ച് കഠിനപ്രയത്നം ചെയ്യുക. ദൈവാശ്രയമുള്ളവരായിരിക്കുക. നിങ്ങൾ വിജയിക്കുക തന്നെ ചെയ്യും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**സുവി. സാലു വർഗ്ഗീസ്**

സൺഡേസ്കൂൾ സ്റ്റേറ്റ് സെക്രട്ടറി


*വിലാസം:*

**നന്മ, സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്, മൗണ്ട് സിയോൻ, മുളക്കുഴ 689 505**




അങ്കിൾ ബി എഴുതുന്നു...

# ദൈവശബ്ദം ശ്രദ്ധിക്കുക




പ്രിയ കൂട്ടുകാരേ,

നിങ്ങൾ വ്യക്തിപരമായ പ്രാർത്ഥനാ ശീലം ഉള്ളവരാണോ ? കുടുംബപ്രാർത്ഥന, പ്രഭാത പ്രാർത്ഥന എന്നിവയ്ക്ക് പുറമേ അൽപ സമയം നാം ഒറ്റയ്ക്കിരുന്ന് പ്രാർത്ഥിക്കുവാൻ ശീലിക്കണം. അത് നമ്മുടെ ജീവിത വിജയത്തിന് അത്യാവശ്യമാണ്.

റേഡിയോ (Radio) എന്ന ഉപകരണം കുട്ടുകാർ കണ്ടിട്ടുണ്ടോ? പഴയകാലത്തെ പ്രധാന വാർത്താവിനിമയ സംവിധാനമായിരുന്നു റേഡിയോ. വാർത്താവിനിമയത്തിനു ഉപയോഗിച്ചിരുന്നുവെങ്കിലും ഒരു പ്രധാന പോരായ്മ റേഡിയോയ്ക്ക് ഉണ്ട്. റേഡിയോയിലൂടെ പറയുന്ന കാര്യങ്ങൾ കേൾക്കുവാൻ മാത്രമേ കഴിയൂ, തിരിച്ചൊന്നും പറയുവാൻ കഴിയുകയില്ല എന്നതാണ് അത്. വൺവേ കമ്മ്യൂണിക്കേഷനാണ് റേഡിയോയിൽ നടക്കുന്നത്. മൊബൈൽ പോലെയുള്ള ആധുനിക സംവിധാനങ്ങളിൽ കൂടി രണ്ടു വശത്തേയ്ക്കും ആശയവിനിമയം നടത്താനാകും. കേൾക്കുവാനും മറുപടി പറയുവാനും സാധിക്കും.

പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾ 'റേഡിയോ പ്രാർത്ഥനകൾ' പോലെയല്ലേ? ദൈവത്തോട് ആവശ്യങ്ങളും ആകുലതകളും ഒക്കെ പറയുന്ന നാം, ദൈവത്തിനു നമ്മോടു പറയാനുള്ളത് കേൾക്കാറുണ്ടോ? കൂട്ടുകാർ ദൈവശബ്ദം കേട്ടിട്ടുണ്ടോ?

ദൈവ ശബ്ദം കേട്ട ശമുവേൽ ബാലനെ കൂട്ടുകാർക്ക് അറിയില്ലേ? മാനുഷികശബ്ദം പോലെയാണ് താൻ ദൈവശബ്ദം കേട്ടത്. അബ്രഹാം പിതാവ് ദൈവശബ്ദപ്രകാരമാണ് കാര്യങ്ങൾ ചെയ്തത്. മോശെ, ഏലിയാവ്, പത്രോസ്, പൌലോസ് തുടങ്ങിയ എല്ലാ വിശുദ്ധന്മാരും ദൈവശബ്ദം കേട്ടിട്ടുണ്ട്.


ഒരിക്കൽ ഒരു മനുഷ്യൻ ജോലിസ്ഥലത്തു നിന്നു വേഗത്തിൽ നടന്നു പോകുകയായിരുന്നു. പെട്ടെന്ന് തന്റെ സമീപത്തു ഒരു വർണ്ണകടലാസ് വന്നു വീണു. അദ്ദേഹം അതെടുത്ത് പോക്കറ്റിൽ ഇട്ടു. അടുത്ത ചുവട് വെച്ചപ്പോൾ ഒരു നാണയത്തുട്ട് അരികിൽ വീണു. സന്തോഷത്തോടെ അതും സ്വന്തമാക്കി. പിന്നെയും പല തും തന്റെ അരികിൽ വന്നു പതിച്ചു. നിസംശ്ശയം അതെല്ലാം താൻ കീശയിലാക്കി. പീന്നിട് ഒരു കല്ല് തന്റെ ശരീരത്തിൽ വന്നു പതിച്ചു. വേദനകൊണ്ടു പുളഞ്ഞ അദ്ദേഹം മുകളിലേക്ക് നോക്കി. തന്റെ മേലുദ്യോഗസ്ഥൻ മുകളിൽ നിന്നും നോക്കുന്നതാണ് കണ്ടത്. അദ്ദേഹം എന്തോ പറയുവാൻ ശ്രമിക്കുകയായിരുന്നു. അതിനു വേണ്ടി ശ്രദ്ധ ആകർഷിക്കുവാനാണ് ഇതെല്ലാം താഴേക്ക് എറിഞ്ഞത്. കൂട്ടുകാരേ, മേലുദ്യോഗസ്ഥൻ ആ മനുഷ്യനോടു സംസാരിക്കുവാൻ എത്ര പ്രയാസപ്പെട്ടു, അല്ലെ? നല്ല കാര്യങ്ങൾ കിട്ടിയപ്പോൾ താൻ മുകളിലേക്ക് നോക്കിയില്ല. എന്നാൽ വേദനിച്ചപ്പോൾ മാത്രമാണ് ഉയരത്തിലേക്ക് നോക്കിയത്. നമ്മോടു എപ്പോഴും സംസാരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നമുക്ക് ലഭിക്കുന്ന നന്മയും തിന്മയും ഒക്കെ ദൈവം നമ്മോടു സംസാരിക്കുന്ന മാധ്യമങ്ങളാണ്. ദൈവസ്നേഹത്തിന്റെയും ദൈവിക കരുതലിന്റെയും അടയാളങ്ങളാണവ.

ദൈവം നമ്മോട് പല രീതിയിൽ സംസാരിക്കും. നേരിട്ട് സംസാരിക്കുന്നതു പോലെ ബൈബിൾ വചനങ്ങളിൽ കൂടിയും ദൈവം ഇടപെടും. അതുകൊണ്ട് നാം ശ്രദ്ധയോടു കൂടി ബൈബിൾ എല്ലാ ദിവസവും വായിക്കണം. നമ്മുടെ മാതാപിതാക്കൾ, ദൈവദാസന്മാർ ഒക്കെ ദൈവശബ്ദം നമ്മോട് അറിയിക്കാറുണ്ട്. അനുസരണാശീലം ഉള്ള നല്ല കുട്ടികളായി നാം ജീവിക്കണം.

എന്നും ദൈവത്തോട് നാം സംസാരിക്കണം, പ്രാർത്ഥിക്കണം. മാതാപിതാക്കൾ, കൂട്ടുകാർ, അദ്ധ്യാപകർ എന്നിവരോട് സംസാരിക്കുന്നതുപോലെ നമുക്ക് ദൈവത്തോട് സംസാരിക്കുവാൻ കഴിയും. ശമുവേൽ ബാലനെ പോലെ ദൈവീക ശബ്ദം കേൾക്കുവാനും കഴിയും. ടി.വിയുടെയും മൊബൈലിന്റെയും കളികളുടെയും പഠനത്തിന്റെയും ശബ്ദങ്ങൾ നമുക്ക് ചുറ്റും മുഴങ്ങുമ്പോഴും ദൈവിക ശബ്ദം കേൾക്കാതെ നാം ഇരിക്കരുത് .




ദൈവത്തിന്റെ കോടതി
എന്താ അമ്മേ അവിടെ ഒരു ബഹളം ?
രണ്ടു വീട്ടുകാർ തമ്മിൽ വഴക്കു കൂടുന്നതാ മോനേ...
നിന്നെ ഞാൻ കാണിച്ചു തരാമെടാ...
ടപ്പ്...
ഠിം...
നീ എൻെറ കലം പൊട്ടിച്ചുവല്ലേ.. ഞാൻ കേസു കൊടുക്കും..
എന്താ അമ്മേ കേസു കൊടുക്കുക എന്നു വെച്ചാൽ?
അതോ.. അത് ഓരോ കുഴപ്പത്തിനും പരിഹാരം തേടാനുള്ള സ്ഥലമാ..
ആദ്യം കീഴ്ക്കോടതിയിൽ പോകും.
അവിടെചെല്ലുമ്പം പരിഹാരം ഉണ്ടായില്ലെങ്കിലോ ?



അപ്പോൾ വേറൊരു കോടതി ഉണ്ട്. ജില്ലാ കോടതി. അവിടെച്ചെന്നു പറയും...
അവിടേം തീർന്നില്ലെങ്കിലോ?
അപ്പോഴാണ് ഹൈക്കോടതിയിൽ പോകുക.
അവിടെയും തീർന്നില്ലെങ്കിൽ..
അപ്പോ സുപ്രീം കോടതിയിൽ പോകും.
അവിടേം തീർന്നില്ലെങ്കിലോ?
പിന്നെ സർവ്വശക്തനായ ദൈവത്തിന്റെ കോടതിയിൽ പോയാൽ മതി. അപ്പോൾ പ്രശ്നം തീരും.
എന്നാപ്പിന്നെ ആദ്യമേ ആ കോടതീ പോയാ പോരേ.. ഈ ബഹളത്തിന്റെ കാര്യമുണ്ടോ, അമ്മേ..?
ദൈവത്തിന്റെ കോടതിയിൽ തീരാത്ത ഒരു പ്രശ്നങ്ങളും ഇല്ല.

# ഇല പറഞ്ഞ കഥ

പണ്ട് ഒരു നാട്ടിൽ ദൈവഭയം ഇല്ലാത്ത കുറെ ആളുകൾ താമസിച്ചിരുന്നു. സന്തോഷത്തിനായി തങ്ങളുടെ മനസ്സ് പറയുന്നതെല്ലാം ചെയ്ത് അവർ വഷളന്മാരായി ജീവിച്ചു. തല്ലുകൂടിയും, കുറ്റംപറഞ്ഞും, തമ്മിൽ ചതിച്ചും, സാധുക്കളെ ഉപദ്രവിച്ചും പോന്നു. എന്തിനേറെ പറയുന്നു, ആളുകളെ കൊന്നും അവർ സന്തോഷം കണ്ടെത്തി. ദൈവത്തിനവരോട് അനിഷ്ടം തോന്നി അവരെ ശിക്ഷിക്കുവാൻ തീരുമാനിച്ചു. അവരുടെ ഇടയിൽ അല്പമെങ്കിലും നല്ലവനായ ആരെങ്കിലും ഉണ്ടോ എന്ന് ദൈവം തിരഞ്ഞു. ആ വഷളന്മാർക്കിടയിലും നീതിമാനായി ജീവിച്ചിരുന്ന നോഹ എന്ന ഒരാളെ കണ്ടെത്തി. ദൈവം നോഹയോട് പറഞ്ഞു: ഞാനീ ആളുകളെയെല്ലാം ശിക്ഷിക്കുവാൻ തീരുമാനിച്ചു. ഇവിടെ മഴ പെയ്യിക്കുവാൻ പോകുകയാണ്. നീ ഒരു കപ്പലുണ്ടാക്കണം. എന്നിട്ട് രക്ഷപെടുവാൻ ആഗ്രഹമുള്ളവരോട് അതിൽ കയറുവാൻ പറയണം. കപ്പൽ എന്താണെന്നറിയാത്ത നോഹയ്ക്ക് അത് എങ്ങനെ പണിയണം എന്ന് ദൈവം പറഞ്ഞു കൊടുത്തു. മഴകണ്ടിട്ടില്ലാത്ത അന്നാട്ടിലെ ആളുകൾ നോഹ പറഞ്ഞത് കേട്ട് അവനെ കളിയാക്കി. പണിതീർന്നപ്പോൾ ദൈവം നോഹയേയും കുടുംബത്തേയും കുറച്ച് മൃഗങ്ങളെയും കപ്പലിൽ കയറ്റി വാതിൽ അടച്ചു. പുറത്തു നിന്ന വഷളന്മാരെല്ലാം ഇത് കണ്ട് ആർത്ത് ചിരിച്ചു. പെട്ടെന്നതാ വെള്ളത്തുള്ളികൾ ആകാശത്തുനിന്നും വീഴുന്നു. പിന്നീടവിടെ ഒരു പെരുമഴയായിരുന്നു. കടലുപോലെ ഭൂമി മുഴുവൻ നിറയും വരെ മഴപെയ്തു. വഷളന്മാരെല്ലാം നിലവിളിച്ച് ആ വെള്ളത്തിൽ താണുപോയി. വെള്ളമെല്ലാം വറ്റി ഉണങ്ങി തുടങ്ങിയപ്പോഴാണ് ഞാനീ ഭൂമിയിൽ മുളച്ച് വന്നത്. നന്നായൊന്ന് പച്ചനിറം വരുന്നതിനു മുൻപ് തന്നെ എന്നെ ആ വെളുമ്പി പ്രാവ് കൊത്തിക്കൊണ്ട് എങ്ങോ പറന്നു. അവൾ ചെന്ന് നിന്നത് ആ കപ്പലിൽ നോഹയപ്പച്ചന്റെ കൈയിലായിരുന്നു. എന്നെ കണ്ടതും എല്ലാവരും സന്തോഷം കൊണ്ടു തുള്ളി. കാര്യമന്വേഷിച്ചപ്പോൾ വെളുമ്പിയാ എന്നോടീ കഥ പറഞ്ഞു തന്നത്.

കൂട്ടുകാരെ ഈ കഥ നമ്മെ ഒരു വലിയ കാര്യം ഓർമ്മപ്പെടുത്തുന്നു. "ദൈവത്തെ അറിഞ്ഞും അനുസരിച്ചും ജീവിച്ചില്ലെങ്കിൽ നാമും നശിച്ചു പോകും."

**ആർ. ജെ.**



നഴ്സറി കുട്ടികളുടെ പേജ്

# പൂച്ചയും കഴുകനും

വായിച്ചു കൊടുക്കാൻ



ഒരിക്കൽ പൂച്ചയും കഴുകനും തമ്മിൽ കൂട്ടുകാരായി. ഒരു ദിവസം പൂച്ചയ്ക്ക് ഒരു മീൻ കിട്ടി. കഴുകന് കൊതി വന്നു. കഴുകൻ ചോദിച്ചു: "കൂട്ടുകാരാ, കൂട്ടുകാരാ.... എനിക്കാ മീൻ തരാമോ? പൂച്ച പറഞ്ഞു "തരാം പക്ഷെ നിന്റെ ഒരു തൂവൽ എനിക്ക് പകരം തരണം" കഴുകൻ സമ്മതിച്ചു. തന്റെ തൂവൽ ഒരെണ്ണം പറിച്ചു കൊടുത്ത് ആ മീൻ മേടിച്ചു തിന്നു.

പിറ്റേ ദിവസം പൂച്ച ഒരു എലിയെ പിടിച്ചു, അതും ഒരു തൂവൽ വാങ്ങിക്കൊണ്ട് പൂച്ച എലിയെ കഴുകന് കൊടുത്തു. അങ്ങനെ ഓരോ ദിവസവും ഓരോന്ന് കൊടുത്ത് പൂച്ച കഴുകന്റെ തൂവൽ വാങ്ങി. ഒടുവിൽ ഒരു തൂവൽ ശേഷിച്ചു. കഴുകൻ ഒരു തവളയ്ക്ക് വേണ്ടി ആ തൂവലും പൂച്ചയ്ക്ക് കൊടുത്തു. അവസാനം തൂവലുകൾ ഒന്നുമില്ലാതെ കഴുകന് പറക്കാനാവാതെയായി. ഈ തക്കം നോക്കി പൂച്ച കഴുകന്റെ നേരെ ചാടി വീണ് അതിനെ കൊന്നു തിന്നു.


കൂട്ടുകാരേ,

ഇതു പോലെയാണ് സാത്താൻ വിശ്വാസികളെ കീഴടക്കുന്നത്. ഓരോ തെറ്റ് ചെയ്യുമ്പോഴും ഓരോ തൂവൽ നഷ്ടപ്പെടുന്നു. ഒടുവിൽ സാത്താൻ നമ്മെ നശിപ്പിക്കുകയും ചെയ്യും.

## നിറം കൊടുക്കാമോ?

**വലതുവശത്ത് കൊടുത്തിരിക്കുന്ന കുരങ്ങച്ചാർക്ക് നിറം കൊടുക്കാമോ?**






## 1,2,3,4... അറിയാമോ കൂട്ടുകാരേ

**എങ്കിൽ 1 മുതൽ 13 വരെയുള്ള കുത്തുകൾ തമ്മിൽ വരച്ചു യോജിപ്പിച്ച്**

**ചിത്രം പൂർത്തിയാക്കൂ...**

സൈമൺ ഷേക്സ്പിയർ




**നാം** വഹിച്ചു കൊണ്ടു നടക്കുന്ന പേരുകൾ നമ്മുടെ സൃഷ്ടിയല്ല. അച്ഛനോ അമ്മയോ അമ്മാവനോ ആരെങ്കിലും ഇട്ടതായിരിക്കും. അത് ശിരസാവഹിച്ചു നടക്കാൻ മാത്രമേ നമുക്കു കഴിയൂ. അവിടെ സ്വന്തയിഷ്ടത്തിനു വലിയ പ്രസക്തിയില്ല. എന്നാൽ ചിലപ്പോഴെങ്കിലും കേരളാഗസറ്റിലൂടെ ഇതിനു പരിഹാരം കാണാൻ പറ്റും. അപ്പോൾ ഉണ്ണിക്കുട്ടൻ സെല്യൂക്കസായി രൂപാന്തരം പ്രാപിക്കും. എന്നാൽ നാട്ടുകാർക്കു സെല്യൂക്കസ് അപ്പോഴും ഉണ്ണിക്കുട്ടൻ തന്നെ. നാട്ടിൽ പാട്ടായതിന് മാറ്റമില്ലല്ലോ. വിളിച്ചതല്ലേ പറയൂ! അല്ല വിളിക്കൂ! ഗസറ്റ് നോക്കി നാട്ടുകാർക്ക് വിളിക്കാൻ പറ്റില്ലല്ലോ. പാവം ഒറിജിനൽ. ഗസറ്റിൽ വിശ്രമിച്ചങ്ങനെ കിടക്കും. അതല്ലേ അതിന്റെ ശരിയും. ഏതു ജോലിക്കു പോയാലും, ഇപ്പോൾ നമ്മുടെ കൂടെ മൊബൈൽ ഉള്ളതു പോലെ, ഗസറ്റിന്റെ കോപ്പിയും കാണണം. അല്ലെങ്കിൽ നമ്മെ തിരിച്ചറിയാൻ പറ്റില്ലല്ലോ. അതിനാൽ പൊതുവേ ഈ പുകിലിന് ആരും പോകാറില്ല.

പേരിനെക്കുറിച്ച് പറഞ്ഞു (എഴുതി) നീണ്ടുപോയി. ബൈബിളിലെ പേരുകളിലേക്ക് അതിന്റെ പിന്നിലെ ചരിത്രത്തിലേക്ക്, സംഭവങ്ങളിലേക്ക് ഒരു യാത്ര പോയാലോ. അതേ, ഒന്നു കണ്ണോടിച്ചു നോക്കാം അതിലേക്ക്.

പേരിടുന്നത് അധികാരത്തെ സൂചിപ്പിക്കുന്നു. അത് ആരും ആയിക്കോട്ടെ. ദൈവം മനുഷ്യന്, മനുഷ്യൻ മൃഗങ്ങൾക്ക്, മാതാപിതാക്കൾ മക്കൾക്ക്, ജേതാവായ രാജാവ് പരാജിതന് ഇങ്ങനെയൊക്കെ. ഇവിടെയെല്ലാം ഈ അധികാരം കാണുന്നുണ്ട്.

ഒരു വ്യക്തിയുടെ ജനനത്തിന്റെ സവിശേഷതകളിലൂടെ ചില പേരുകൾ ഉരുത്തിരിയാറുണ്ട്. ഉദാഹരണമായി മോശെ. വെള്ളത്തിൽ നിന്നു വലിച്ചെടുത്തതു കൊണ്ട് ഇങ്ങനെ പേരായി. പേരിട്ടത് ഫറവോന്റെ പുത്രി (പുറപ്പാട് 2:10). യാക്കോബിനും ശമുവേലിനും പേരിട്ടതും അവരുടെ ജനനവുമായി ബന്ധപ്പെട്ടാണ്. ഉല്പത്തി 25:26-ലും 1 ശമുവേൽ 1:20 ലും യഥാക്രമം ഇത് കാണുന്നു. യാക്കോബ് 'ഉപായി'യും 'ദൈവത്താൽ കേട്ടവൻ' ശമുവേലും ആകുമ്പോൾ, ഈ കുഞ്ഞുങ്ങൾ എന്തായിത്തീരുമെന്ന കാര്യവും പേരിലൂടെ ഗ്രഹിക്കാൻ പറ്റുന്നു. യാക്കോബിന്റെയും ശമുവേലിന്റെയും ജീവിതത്തിലൂടെ സഞ്ചരിക്കുമ്പോൾ ഇത് കാണാവുന്നതേയുള്ളൂ.

അമേരിക്കൻ ഇന്ത്യൻസിന്റെ ഇടയിലും ഇങ്ങനെയുള്ള പേരിടീൽ കണ്ടു വരുന്നു. ഒരു കുഞ്ഞു ജനിച്ചാൽ ആദ്യം കാണുന്ന വസ്തു അവർ കുഞ്ഞുങ്ങൾക്ക് പേരാക്കുന്നു. അങ്ങനെയുള്ള രസകരമായ പേരുകളാണ് 'ക്രേസി ഹോഴ്സ്', സിറ്റിംഗ് ബുൾ എന്നിവ. കുഞ്ഞു ജനിച്ചപ്പോൾ ആദ്യം മാതാപിതാക്കൾ കണ്ടത് വെകിളി പിടിച്ച കുതിരയെയാണ്. അന്നേരം കുഞ്ഞിനു പേരിട്ടു. ക്രേസി ഹോഴ്സ് (Crazy Horse). ഇരിക്കുന്ന കാളയെ, കണ്ടപ്പോൾ കുഞ്ഞിന്റെ മേലും അതു പതിച്ചു. സിറ്റിംഗ് ബുൾ (Sitting Bull).

ജനനസമയത്തെ മാതാപിതാക്കളുടെ പ്രതികരണങ്ങളും നാമകരണത്തിൽ പ്രതിഫലിക്കാറുണ്ട്. യിസ്ഹാക്ക് തന്നെ ഉദാഹരണം. ചിരിയെന്നാണല്ലോ ആ പേരിന്റെ അർത്ഥം. ഉല്പ. 17:17; 18:12; 21:3-6 എന്നീ ഭാഗങ്ങൾ നോക്കുക. നാബാൽ എന്ന പേരിന് 'മണ്ടൻ', 'മൂഢൻ' എന്നൊക്കെ അർത്ഥം. എന്റെ മകൻ മണ്ടനാകല്ലേ എന്ന് വിചാരിച്ചിട്ടത്. എന്നാൽ സംഭവിച്ചതോ, നാബാൽ മണ്ടനായി. പേരിന്റെ അർത്ഥം പോലെ തന്നെ!

ഒരു വ്യക്തിയുടെ സ്വഭാവത്തെ വെളിപ്പെടുത്തുവാനും പേരുകളിലൂടെ സാധിക്കാറുണ്ട്. പ്രധാന ഉദാഹരണം യേശു തന്നെ. ജനത്തെ തങ്ങളുടെ പാപങ്ങളിൽ നിന്നു രക്ഷിക്കാനിരിക്ക കൊണ്ട് 'രക്ഷകൻ' എന്നർത്ഥമുള്ള സുന്ദരമായ പേര് യേശുവിന് കിട്ടി. കർത്താവിന്റെ ദൂതനാൽ.

പേരുകൾ ദൈവത്തിന്റെ സന്ദേശത്തെയും സൂചിപ്പിക്കാറുണ്ട്. 'യെശാർ യാശൂബ്' എന്ന പേര് തന്നെ ഉദാഹരണം. ഇതിന്റെ അർത്ഥം 'ശേഷിപ്പു മടങ്ങി വരും' എന്നാണ്. പ്രവാസത്തിലേയ്ക്കു പോയ യിസ്രായേൽ ജനത്തിൽ കുറെ പേരെങ്കിലും മടങ്ങി വന്നല്ലോ. ബൈബിളിലെ നീളം കൂടിയ പേരെന്ന റെക്കോർഡ് പേറുന്ന 'മഹേർ ശാലാൽ ഹാശ്ബസി'ന്റെ ജനനശേഷം, പെട്ടെന്നു ശത്രു വന്ന് ആക്രമിച്ചു വിജയിച്ചു പോകുമെന്ന അർത്ഥത്തിലാണ് പേരിട്ടത്. 'കൊള്ളയിടുക, കവർച്ചയ്ക്കായി ബദ്ധപ്പെടുക' എന്ന പേരിന്റെ അർത്ഥം കുറിക്കു കൊണ്ടു.

അധികാരത്തെ സ്ഥാപിക്കാനും പേരുകൾ മാറ്റുന്നു. ജോസഫ് സാപ്നത്ത് പനേഹ് ആയതും ദാനിയേൽ, ഹനന്യാവു, മീശായേൽ, അസര്യാവ് എന്നിവർ യഥാക്രമം ബേൽത്തശസ്സർ, ശദ്രക്ക്, മേശക്ക്, അബേദ്നെഗോ ആയതും ഇതിനാൽ.


പേരുകളുടെ വിശേഷങ്ങൾ അവസാനിക്കുന്നില്ല. എഴുതാൻ തുടങ്ങിയാൽ മൂവായിരത്തിലധികം പേരുകളുടെ പിന്നിലെ സംഭവങ്ങളും വിശേഷങ്ങളും ഈ 'നന്മ'യിൽ ഒതുങ്ങുകയില്ല. അതിനാൽ പേരുകളിലൂടെ പേരെടുത്തവർക്ക് തല്ക്കാലം വിട ചൊല്ലാം.



ഭാഗ്യവാൻ
മിടുക്കനായൊരു മണ്ടൻ
ഭാഗ്യവാനെ കർത്താവ് വരാറായി.
ഇങ്ങ് വരട്ടെ എനിക്ക് ചിലത് ചോദിക്കാനുണ്ട്.
നിനക്ക് പേടിയൊന്നുമില്ലേ?
എന്തിനാ പേടിക്കുന്നേ അല്ലേലും ഞാൻ കർത്താവിനെ ഒന്ന് കാണാനിരിക്കുവാ
ആട്ടെ.. എന്താ നീ ചോദിക്കാൻ പോകുന്നത്
എന്നെ കൂടെ കൊണ്ടുപോകാമോ എന്ന്, അല്ലാതെ പിന്നെ എന്ത് ചോദിക്കാനാ



# അറിവിലേക്കൊരു കോവേണി






1. ഇഷ്ടമുള്ളതുപോലെ മുടി വെട്ടിയാൽ തല പോകും. 28 ഹെയർ സ്റ്റൈലുകളിൽ നിന്ന് ഏതെങ്കിലുമൊന്നേ അവിടുത്തുകാർക്ക് ഉപയോഗിക്കാനാവൂ. ഇതിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം സ്റ്റൈലുകളുണ്ട്. മുടി നീട്ടി നടക്കാമെന്നു വച്ചാൽ അതും നടപ്പില്ല. പുരുഷന്മാർക്ക് അഞ്ചു സെന്റിമീറ്ററിൽ അധികം മുടി നീട്ടുന്നതും കുറ്റകരമാണ്. ഏതു രാജ്യം?
2. വെള്ളത്തിലിട്ടാൽ പൊങ്ങികിടക്കുന്ന ഒരേയൊരവയവം മാത്രമേ മനുഷ്യശരീരത്തിലുള്ളൂ. ഏതാണീ അവയവം?
3. ഒരു പേന കിട്ടിക്കഴിഞ്ഞാൽ ആദ്യം എന്താണ് എഴുതുന്നത്. ലോകത്ത് 97% ആളുകളും ഇതാണ് ആദ്യം എഴുതുന്നതെന്നാണ് കണ്ടെത്തൽ. എന്ത്?
4. 'ആൾദൈവം' എന്ന വാക്ക് മലയാളത്തിന് സംഭാവന ചെയ്തത് സഹോദരൻ അയ്യപ്പനാണ്. 'തീപ്പെട്ടി'യും 'തീവണ്ടിയും' സംഭാവന ചെയ്തത് എൻ.വി. കൃഷ്ണവാരിയറും. നാം ഉപയോഗിക്കുന്ന പല വാക്കുകളുടെയും പിന്നിൽ പണ്ഡിതശ്രേഷ്ഠരുണ്ട്, സാധാരണ ജനങ്ങളുണ്ട്, ചലച്ചിത്രങ്ങളുണ്ട്. 'ചപ്ലാച്ചി', 'കുൾട്ടാപ്പൻ', 'പളുങ്കൂസ്', 'അണ്ഡകടാഹം', 'ഗഡാഗഡിയൻ' എന്നീ വാക്കുകൾ മലയാളത്തിന് സംഭാവന നൽകിയത് ആരാണ്?
5. ജോർജ് ബർണാഡ് ഷാ ഏറെ ആരാധിച്ചിരുന്ന വ്യക്തിയാണ് ഇദ്ദേഹം. ഒരിക്കൽ ഒരു രാഷ്ട്രീയ പ്രവർത്തകൻ ഇദ്ദേഹത്തെക്കുറിച്ച് 'എന്താണ് അഭിപ്രായം' എന്ന് ഷായോടു ചോദിച്ചു. "അതിലും എളുപ്പം ഹിമാലയത്തെക്കുറിച്ച് പറയുകയാണ്" എന്നായിരുന്നു ഷായുടെ മറുപടി. ആരെക്കുറിച്ചാണ് ബർണാഡ് ഷാ ഇങ്ങനെ പറഞ്ഞത്?
6. 'mt' കൊണ്ടവസാനിക്കുന്ന ഒരേയൊരു വാക്കേ ഇംഗ്ലീഷ് ഭാഷയിലുള്ളൂ. ഏതാണീ വാക്ക്?
7. കാലത്ത് 8 മണി മുതൽ പതിനൊന്നര വരെ പത്രങ്ങൾ വായിക്കും. ഒപ്പം ദിവസേന കിട്ടാറുള്ള നൂറോളം കത്തുകൾക്ക് മറുപടി എഴുതും. 11 തൊട്ട് ഒരു മണിവരെ സന്ദർശകരെ കാണും. 2 തൊട്ട് 4 വരെ വായിക്കും. 4 മുതൽ 7 വരെ എഴുതുകയോ, സന്ദർശകരെ കാണുകയോ ചെയ്യും. രാത്രി 8 മണി മുതൽ 1 മണി വരെ എഴുത്തും വായനയും. 91 വയസ്സുള്ള ഒരാളുടെ ദിനചര്യ. 20-ാം നൂറ്റാണ്ടു കണ്ട

ലോകോത്തര പ്രതിഭാശാലികളിൽ ഒരാളായിരുന്നു. നിങ്ങൾക്ക് അറിയാവുന്നത് ശാസ്ത്രവും അറിഞ്ഞുകൂടാത്തത് തത്വശാസ്ത്രവുമാണ് എന്ന് പറഞ്ഞ മഹാചിന്തകൻ. ന്യൂക്ലിയർ യുദ്ധത്തെ തോറ്റവരും ജയിച്ചവരും അവശേഷിക്കാത്ത യുദ്ധമെന്നു വിശേഷിപ്പിച്ച മനുഷ്യസ്നേഹി. തത്വശാസ്ത്രം, ഗണിതശാസ്ത്രം, ഭൗതികശാസ്ത്രം, വിദ്യാഭ്യാസം, സാമൂഹികശാസ്ത്രം, മനശ്ശാസ്ത്രം, സാഹിത്യം തുടങ്ങിയ മേഖലകളിൽ ലോകത്തിനു മഹത്തായ സംഭാവനകൾ നൽകിയ വ്യക്തി. ഈ വ്യക്തിയാരാണ്?



8. കാഴ്ചയിൽ ഇത് ദോശപ്പോലെയാണ്. എന്നാൽ ഇത് ഇഡ്ഢലിയാണ്. ദോശപോലിരിക്കുന്ന ഇഡ്ഢലി. പാലക്കാട് ജില്ലയിലെ ഒരു സ്ഥലത്തിന്റെ പേരിൽ നിന്നാണ് ഈ ഇഡ്ഢലിക്ക് പേര് കിട്ടിയത്. ഏതാണീ ഇഡ്ഢലി?





9. ഈ ജീവികളുടെ കണ്ണുകൾക്ക് വേനൽക്കാലത്തും ശൈത്യകാലത്തും വെവ്വേറെ നിറമാണ്. അതായത് വേനൽക്കാലത്ത് സ്വർണ്ണനിറവും ശൈത്യകാലത്ത് നീലനിറവും. വേനലിലെ അമിതമായ വെളിച്ചത്തെയും മഞ്ഞുകാലത്തെ ഇരുട്ടിനെയും നേരിടാനാണ് ഈ പ്രത്യേകത. വേനൽക്കാലത്ത് കണ്ണിൽ പതിക്കുന്ന സൂര്യപ്രകാശത്തിൽ നല്ലൊരു പങ്കും റെറ്റിനയിലൂടെ പ്രതിഫലിപ്പിക്കുന്നതാണ് സ്വർണ്ണനിറത്തിന് കാരണം. മഞ്ഞു കാലത്ത് രാത്രി കാഴ്ച സാധ്യമാക്കുന്ന രീതിയിൽ റെറ്റിനയുടെ പിന്നിൽ ഒരു പാട രൂപപ്പെടുന്നു. ഇതാണ് കണ്ണിന് നീലനിറം കൊടുക്കുന്നത്. പ്രകൃതിയുടെ കരവിരുതിന്റെ ഒരു മികച്ച ഉദാഹരണമാണ് ഇവയിലെ ഈ സംവിധാനം. Rangifer Tarandus എന്ന ശാസ്ത്രനാമമുള്ളതും വടക്കേ അമേരിക്കയിൽ ഒരു പ്രത്യേക പേരിൽ അറിയപ്പെടുന്നതുമായ ഇവയെ തിരിച്ചറിയുക.

10. 'ഗീബൽസ്' എന്ന മലയാളശൈലിയുടെ അർത്ഥമെന്താണ്.

**ഉത്തരങ്ങൾ**

1. നോർത്ത് കൊറിയ
2. ശ്വാസകോശം
3. സ്വന്തം പേര്
4. വൈക്കം മുഹമ്മദ് ബഷീർ
5. മഹാത്മാഗാന്ധി
6. Dreamt
7. ബർട്രാൻഡ് റസ്സൽ (1950-ൽ നോബൽ സമ്മാനം കിട്ടി)
8. രാമശ്ശേരി ഇഡ്ഢലി
9. റെയിൻഡിയർ (Reindeer) വടക്കേ അമേരിക്കയിൽ Caribou എന്ന പേരിലും അറിയപ്പെടുന്നു
10. സമർത്ഥമായ വ്യാജപ്രകടനം നടത്തുന്നവൻ. പലതവണ ആവർത്തിച്ച് സത്യത്തെ അസത്യമായും മറിച്ചും വിശ്വസിപ്പിക്കുന്ന തന്ത്രം. ഹിറ്റ്ലറുടെ പ്രചാരണമന്ത്രിയായിരുന്ന ജോസഫ് പോൾ ഗീബൽസാണ് ഈ തന്ത്രത്തിന്റെ വക്താവ്.





# ചുട്ട അടി കിട്ടിയതിന് നന്ദി

**ഫിലിപ്പ് കെ. ആൻഡ്രൂസ്**

“തല്ലിയെന്നെ നോവിച്ചാലും പപ്പയ്ക്കുണ്ട് സ്നേഹം

നുള്ളി വേദനിപ്പിച്ചാലും മമ്മിക്കുണ്ട് സ്നേഹം

നല്ല കുട്ടിയായി ഞാൻ വളർന്നു വന്നീടാൻ

ബാലശിക്ഷ നൽകിയെൻ മാതാപിതാക്കൾ”

ജോനുക്കുട്ടന് ഒന്നര വയസ്സുള്ളപ്പോഴാണ് അവന്റെ പപ്പ ആ പാട്ട് എഴുതിയത്. കുസൃതി കാട്ടിയതിന് അന്ന് ഈർക്കിൽ കൊണ്ട് അടി മേടിച്ചത് ഇന്ന് അവന് ഓർമ്മയില്ല. പക്ഷേ ഇത്ര കുഞ്ഞു പ്രായത്തിലേ അവനെ തല്ലേണ്ടി വന്നതിലുള്ള സങ്കടമാണ് ഇങ്ങനെയൊരു പാട്ടെഴുതാൻ അവന്റെ പപ്പയെ പ്രേരിപ്പിച്ചത്.

ഇപ്പോൾ ജോനുവിന് അഞ്ച് വയസ്സ്. കാട്ടുന്ന കുസൃതിക്കും മേടിക്കുന്ന അടിക്കും ഇപ്പോഴും കുറവൊന്നുമില്ല. പക്ഷേ ഇടയ്ക്കിടയ്ക്ക് അവൻ ആ പാട്ട് പാടുന്നതു കേൾക്കുമ്പോൾ അവന്റെ പപ്പയ്ക്ക് സന്തോഷം തോന്നും... “തല്ലിയെന്നെ നോ

വിച്ചാലും പപ്പയ്ക്കുണ്ട് സ്നേഹം...”

കുസൃതിയും അനുസരണക്കേടുമൊക്കെ കാട്ടി മാതാപിതാക്കളുടെ ശകാരവും ശിക്ഷയും ഏറ്റുവാങ്ങുമ്പോൾ എങ്ങനെയാണ് നിങ്ങൾ സാധാരണ പ്രതികരിക്കാറുള്ളത്? ദേഷ്യം?.... സങ്കടം?.... നിരാശ.... വൈരാഗ്യം? ചില കൂട്ടുകാർക്കെങ്കിലും ഇത്തരം തെറ്റായ പ്രതികരണങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ എന്തിനാണ് നിങ്ങളുടെ പപ്പയോ മമ്മിയോ നിങ്ങളെ ശിക്ഷിക്കുന്നത് എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നിങ്ങളോട് അവർക്ക് വിരോധമുള്ളതു കൊണ്ടാണോ?... ഒരിക്കലുമില്ല; സ്നേഹമുള്ളതു കൊണ്ടാണ്. നിങ്ങളെ ശിക്ഷിച്ച് ചീത്തയാക്കാനാണോ? അല്ല; നിങ്ങളുടെ തെറ്റുകൾ തിരുത്തി നിങ്ങളെ നല്ലവരാക്കി വളർത്തുവാൻ....

നിങ്ങൾക്കറിയാമോ, മക്കളെ ശിക്ഷിച്ചു വളർത്തണമെന്നത് ദൈവത്തിന്റെ കല്പനയാണ്. ഇനി പറയുന്ന ബൈബിൾ വാക്യങ്ങൾ നിങ്ങൾ ഒന്നു ശ്രദ്ധിക്കണം. കഴിയുമെങ്കിൽ മനഃപാഠമാക്കുന്നതും നല്ലതാണ്.

“ബാലന് ശിക്ഷ കൊടുക്കാതിരിക്കരുത്. വടി കൊണ്ടടിച്ചാൽ അവൻ ചത്തു പോകയില്ല” (സദൃശവാക്യം. 23:13).

“വടിയും ശാസനയും ജ്ഞാനത്തെ നൽകുന്നു. തന്നിഷ്ടത്തിനും വിട്ടിരിക്കുന്ന ബാലനോ അമ്മയ്ക്ക് ലജ്ജ വരുത്തുന്നു” (സദൃ. 29:15).

“നിന്റെ മകനെ ശിക്ഷിക്ക. അവൻ നിനക്ക് ആശ്വാസമായിത്തീരും. അവൻ നിന്റെ മനസ്സിന് പ്രമോദം വരുത്തും” (സദൃ. 29:17).

“ബാലന്റെ ഹൃദയത്തോട് ഭോഷത്വം പറ്റയിരിക്കുന്നു. ശിക്ഷയ്ക്കുള്ള വടി അതിനെ അവനിൽ നിന്നും അകറ്റിക്കളയും” (സദൃ. 22:15).

“വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകയ്ക്കുന്നു. അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു.” (സദൃ. 13:24)

“പ്രത്യാശയുള്ളേടത്തോളം നിന്റെ മകനെ ശിക്ഷിക്ക” (സദൃ. 19:18).

ഇനി നിങ്ങൾ പറയൂ, ശിക്ഷ ആവശ്യമോ അല്ലയോ? തീർച്ചയായും ആവശ്യമാണ്. അതുകൊണ്ടാണല്ലോ നമ്മെ സൃഷ്ടിച്ച ദൈവം തന്നെ അങ്ങനെ കൽപ്പിച്ചിരിക്കുന്നത്.

മക്കളെ ശിക്ഷിക്കാതെ വളർത്തിയ ഒരു ദൈവദാസന്റെ കഥ കൂടി പറഞ്ഞ് അവസാനിപ്പിക്കാം. പണ്ടൊരിക്കൽ ഏലി എന്നൊരു പുരോഹിതൻ ജീവിച്ചിരുന്നു. അദ്ദേഹത്തിന് രണ്ടു മക്കൾ-ഹൊഫ്നിയും ഫിനെഹാസും. അവർ മഹാകുസൃതികളായാണ് വളർന്നു വന്നത്. പിള്ളാരല്ലേ, കുഞ്ഞുങ്ങളല്ലേ, പിന്നെ ശരിയായിക്കൊള്ളും എന്നു പറഞ്ഞ് ഏലി അപ്പച്ചൻ അവരെ ഒട്ടു ശിക്ഷിച്ചതുമില്ല. അവർ വളർന്നു വലുതായി. പക്ഷെ അപ്പച്ചൻ വിചാരിച്ചതു പോലെ ശരിയായ വഴിയിൽ വന്നില്ല. ദൈവിക കാര്യങ്ങളെ കളിയായി കണ്ടും ദൈവത്തിനിഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്തും അവർ ദുഷ്ടന്മാരായി ജീവിച്ചു. എന്നിട്ട് എന്തു സംഭവിച്ചു എന്നറിയണോ? ഹൊഫ്നിയും ഫിനേഹാസും ഒരേ ദിവസം തന്നെ മരിച്ചുപോയി. അങ്ങനെ ദൈവം അവരെ കഠിനമായി ശിക്ഷിച്ചു. മക്കളെ ശിക്ഷിക്കാതെ വളർത്തിയ ഏലി പുരോഹിതനും കിട്ടി ശിക്ഷ. മക്കൾ കൊല്ലപ്പെട്ടുവെന്ന വാർത്ത കേട്ട അദ്ദേഹം കസേരയിൽ നിന്നും പുറകോട്ടു വീണ് കഴുത്തൊടിഞ്ഞ് മരിച്ചു.


ഏലി പുരോഹിതൻ തന്റെ മക്കളെ കുഞ്ഞുപ്രായം മുതൽ ശിക്ഷിച്ചു വളർത്തിയിരുന്നെങ്കിൽ അവർ യിസ്രായേലിലെ വലിയ പുരോഹിതന്മാരായിത്തീരുമായിരുന്നു. ആ കുടുംബം മുഴുവൻ നശിക്കുവാൻ കാരണമായി.

ബാലശിക്ഷയുടെ ഗൗരവം നിങ്ങൾക്കു മനസിലായിക്കാണുമല്ലോ? ഇനി മുതൽ നിങ്ങളുടെ പപ്പയോ മമ്മിയോ മുതിർന്നവരോ നിങ്ങളെ ശിക്ഷിക്കുമ്പോൾ കരയുന്ന കൂട്ടത്തിൽ രഹസ്യമായി ദൈവത്തിന് ഒരു നന്ദിയും കൂടി പറഞ്ഞേക്കണം. നിങ്ങളെ സ്നേഹിക്കുകയും ദൈവകല്പന അനുസരിക്കുകയും ചെയ്യുന്ന നല്ല മാതാപിതാക്കളെ ദൈവം നിങ്ങൾക്ക് തന്നതിന്...


# ART Corner



Anu Geevarghese



**Hanna Samuel**
Ranni





**Steffin Roy**



**Asher**

**Lidiya Lijan**




**Eben Christy Babu**
Changnacherry



# കൗൺസലറോടു ചോദിക്കാം



ഡോ. സജി കെ. പി.

**ചോദ്യം:**

സർ, ഞങ്ങളുടെ വീട്ടിൽ മൂന്നു മക്കളാണ് ഉള്ളത്. ഞാൻ രണ്ടാമത്തെ ആളാണ്. പത്താം ക്ലാസ്സിൽ പഠിക്കുന്നു. എനിക്ക് ഈയിടെയായി തീരെ പഠനത്തിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല. കാരണം, എന്റെ വീട്ടിൽ ഞാൻ അനുഭവിക്കുന്ന കടുത്ത അവഗണനയാണ്. മൂത്തയാൾക്ക് വളരെയധികം സ്നേഹം മാതാപിതാക്കൾ നൽകുന്നുണ്ട്. പക്ഷേ എന്നോട് എപ്പോഴും വഴക്കും ശാസനയുമാണ്. അതുകൊണ്ട് സത്യത്തിൽ എന്റെ വീട്ടിൽ എനിക്ക് ഒരു സന്തോഷവും ഇല്ല. ഞാൻ എന്താണ് ഇങ്ങനെ? എനിക്കു മാത്രം ദൈവം ഇങ്ങനെ ഒരു അവസ്ഥ തന്നത് എന്തിനാണ്? ഞാൻ എന്തു ചെയ്യണം?

**ഉത്തരം:** അറിഞ്ഞോ അറിയാതെയോ പല വീടുകളിലും സംഭവിക്കുന്ന ഒരു പ്രശ്നമാണ് ഈ കത്തിൽ നാം കാണുന്നത്. മൂത്ത കുഞ്ഞ് ആദ്യത്തെ കുഞ്ഞായതു കൊണ്ട് ധാരാളം ഉത്തരവാദിത്തങ്ങൾ പൊതുവെ നൽകപ്പെടാറുണ്ട്. ഇളയആൾ ഇളയതായതു കൊണ്ടു തന്നെ ധാരാളം സ്നേഹം നേടാറുണ്ട്. മേൽപ്പറഞ്ഞ വീട്ടിൽ രണ്ടാമത്തെ ആൾ അവഗണിക്കപ്പെട്ടു എന്ന വേദനയാണ് എഴുതിയിരിക്കുന്നത്.

അറിഞ്ഞു കൊണ്ട് ഒരു മാതാപിതാക്കളും മക്കളിൽ ഒരാളെ വേർതിരിച്ചു കാണുക പതിവില്ല. പക്ഷേ ഇവിടെ മക്കളിൽ ഒരാൾക്ക് അങ്ങനെ തന്നെ തോന്നുന്നു. ഇതിന് പരിഹാരം അത്യാവശ്യമാണ്.

**താഴെ പറഞ്ഞിരിക്കുന്നവ ശ്രദ്ധിക്കൂ:**

1. മാതാപിതാക്കളുടെ ഭാഗത്തു നിന്നും നിങ്ങൾ കാണുന്ന ഏതെങ്കിലും സ്വഭാവമോ വാക്കുകളോ പെരുമാറ്റമോ നിങ്ങളെ വേദനിപ്പിക്കുന്നു എന്നത് മനസ്സിലാക്കാൻ അവർക്ക് അവസരം നൽകണം. ഒരു പക്ഷേ അവർ മനസ്സിൽ ഒന്നും ഉദ്ദേശിച്ചു കൊണ്ടാകണമെന്നില്ല ഇങ്ങനെ പെരുമാറുന്നത്. മിക്കവാറും നല്ല ഉദ്ദേശത്തോടെയായിരിക്കാം ഈ പെരുമാറ്റം. പക്ഷേ ഇത് കുഞ്ഞിൽ ഉണ്ടാകുന്ന അനന്തരഫലം വേദനയും നിരാശയുമാണെന്ന് തിരിച്ചറിയാൻ അവർക്ക് അവസരം വേണം.

2. നല്ല സ്വഭാവത്തിൽ ആയിരിക്കുമ്പോൾ മാതാപിതാക്കളോട് തുറന്നു സംസാരിക്കുക. നിങ്ങളെ വേർതിരിച്ചു കാണുന്നു എന്ന് നിങ്ങൾക്ക് തോന്നൽ ഉണ്ടാക്കിയ സ്വഭാവരീതികളോ, വാക്കുകളോ പ്രത്യേകം പറഞ്ഞ് അവർക്ക് ബോധ്യപ്പെടുത്തുക. ദേഷ്യത്തോടെയും വിധിക്കുന്ന മനോഭാവത്തോടെയും ഇങ്ങനെ ചെയ്യാതെ ശാന്തമായും സൗമ്യമായും നിങ്ങളുടെ ഭാഗത്തു നിന്ന് ചിന്തിക്കാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുക.

3. ശരിക്കും നിങ്ങളുടെ വ്യാഖ്യാനങ്ങളും തോന്നലുകളും എത്രത്തോളം ശരിയായിരുന്നു എന്ന് വിലയിരുത്താൻ ശ്രമിക്കുക. അതായത് മാതാപിതാക്കളുടെ വശത്തുനിന്ന് ചിന്തിക്കാൻ ശ്രമിക്കുക.

4. പ്രാർത്ഥനയിലും വചനധ്യാനത്തിലും കൂടി ദൈവത്തോട് അടുത്തു ചെല്ലുക. നിങ്ങളുടെ ഭാരങ്ങൾ ഇറക്കിവയ്ക്കാനുള്ള അത്താണിയാണ് കർത്താവ് എന്നു തിരിച്ചറിയുക.

5. നിങ്ങളുടെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുക.

6. നിങ്ങളുടെ ഭാരങ്ങൾ പഠനത്തെ ബാധിക്കാൻ അനുവദിക്കരുത്.

7. വിശ്വസിക്കാൻ കൊള്ളാകുന്ന ഒരാളോട് വിഷമങ്ങൾ തുറന്നു സംസാരിക്കുക. പരിഹാരം എന്ത് എങ്ങനെ എന്ന് ചർച്ച ചെയ്യുക.

നമ്മുടെ ഭവനങ്ങളിൽ ദൈവിക സമാധാനവും ദൈവകൃപയും നിറയുവാൻ നമുക്ക് പ്രാർത്ഥിക്കാം. മാതാപിതാക്കളും മക്കളും അവരവരുടെ ദൈവിക കടമകളും ഉത്തരവാദിത്തങ്ങളും നിവർത്തിക്കാൻ ദൈവം കൃപ ചെയ്യുമാറാകട്ടെ.



# ടെക്കനും ടെക്കിയും



തയ്യാറാക്കിയത്: റെന്നി. ജെ

## ചോർത്തലുകാർ സു.ലേ.

സുരക്ഷിതത്ത്വം എന്നത് ഇന്ന് തികച്ചും അസാധ്യമായ ഒന്നായി മാറികൊണ്ടിരിക്കുന്നു എന്ന് ആനുകാലികപഠനങ്ങൾ വെളിപ്പെടുത്തുന്നു. പണമായാലും, നമ്മുടെ ഓരോരുത്തരുടെയും വ്യക്തി വിവരങ്ങൾ ആയാലും എന്തും ഇന്ന് ആർക്കും നേടിയെടുക്കാൻ എളുപ്പമാണ്. ശ്രദ്ധിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ മനുഷ്യനിർമ്മിതമായതെല്ലാം തങ്ങൾക്ക് തന്നെ വിനയായി മാറും എന്ന് മനുഷ്യൻ ഇന്ന് എളുപ്പം പഠിച്ചുകൊണ്ടിരിക്കുന്നു. ഫെയ്സ്ബുക്കും വാട്ട്സ്ആപ്പും ഇൻസ്റ്റഗ്രാമുമെല്ലാം നമ്മെ "ഫെയ്മസ്" ആക്കി മാറ്റും എങ്കിലും അതിനുവേണ്ടി നാം കൊടുക്കുന്നത് നമ്മുടെ സ്വകാര്യവിവരങ്ങൾ കൈകാര്യം ചെയ്യുവാനുള്ള അനുവാദം ആണെന്ന് പഠനങ്ങൾ പറയുന്നു. നമ്മുടെ വ്യക്തിവിവരങ്ങൾ ആരുമായും പങ്കുവെക്കരുതെന്നും അത് ചോദിച്ചറിയുവാനായി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല എന്നും ബാങ്കുകൾ ആവർത്തിച്ച് അറിയിപ്പുകൾ നൽകുന്നുണ്ടെങ്കിലും, ഫോണിലൂടെയും ഇന്റർനെറ്റിലൂടെയും പണം തട്ടുന്ന സംഭവങ്ങൾ ഇന്നും സജീവമാണ്. സാങ്കേതികവിദ്യകൾ ഏറെ വളർന്ന, ഇന്നിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായി മാറിയിരിക്കുന്നതിനാൽ നാം സൂക്ഷ്മതയോടെ ഇവയെ കൈകാര്യം ചെയ്യേണം എന്നതാണ് വിദഗ്ധർ നിർദ്ദേശിക്കുന്നത്. കൂട്ടത്തിൽ ടെക്കനും ഒരു ഉപദേശം തരാം. "ദൈവത്തെ അറിയാം എന്നത് അഹങ്കരമായി കൊണ്ടു നടക്കുന്നവരുടെ ശ്രദ്ധയ്ക്ക് നിങ്ങളറിയാതെ നിങ്ങളുടെ മൂല്യങ്ങളും ചോർത്തപ്പെടാം, ശ്രദ്ധയോടെ ദൈവഭക്തിയിൽ ജീവിച്ചാൽ ജീവിതം സുരക്ഷിതമാക്കാം.





## ഫെയ്സ്ബുക്ക് ജീവികൾ

ലോകമിന്ന് ചെറുതായി മൊബൈലിൽ വലിപ്പത്തിലായി. സംസാരിക്കുവാൻ നാവിന് പകരം ആപ്പുകളായി, ചിരിക്കുവാനും കരയുവാനും മുഖത്തിനു പകരം സ്മൈലികളായി, വിരലൊഴിവാക്കാൻ മടികാരണം വിശപ്പ് ഡയറ്റിങ്ങിലായി, നിറമുള്ള കാഴ്ചകളെ വിട്ട് നിറം കൊടുക്കുന്ന കാഴ്ചകൾ മാത്രമായി, കൈയും തലയും മൊബൈലുമായി ബന്ധിപ്പിച്ച് ഞാനൊരു ന്യൂജെൻ അടിമയായി. അതേ ഞങ്ങൾ ഫെയ്സ്ബുക്ക് ജീവികൾ.

## പ്രാർത്ഥനയ്ക്ക്

# കുട്ടിഭൂതങ്ങളും കുട്ടികളും




കുട്ടികൾ – കാർട്ടൂൺ ഇത് നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു കൂട്ടുകെട്ടാണ്. എന്നാൽ ഇന്ന് അമാനുഷിക ശക്തികളുടെ നീണ്ടനിരയുമായാണ് കാർട്ടൂണുകൾ കുട്ടികളുടെ മുന്നിലേക്കെത്തുന്നത്. ഈ ഒരു ഭൂതങ്ങൾ കുരുന്നുകളെ മാനസികമായും ബൗദ്ധികമായും ചിന്താശേഷി കീഴടക്കി കൊണ്ടിരിക്കുന്നു.

**ഓർമ്മിക്കാൻ**

ദൈവഭയത്തോടെ ജീവിച്ചാൽ ഒന്നിനും നാം അടിമയാകില്ല.

web:
www.cogsundayschool.org
Email:
cgisundayschool@gmail.com
Facebook
cogsundayschool



നമ്മുടെ നാട്ടിലും ഇന്ന് ദൈവത്തെ അനുസരിച്ച് ജീവിക്കുന്നവർക്ക് എതിരെയുള്ള പീഡനങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. അനാഥമാക്കപ്പെടുന്ന ദൈവദാസന്മാരുടെ കുടുംബങ്ങളും ചുട്ടെരിക്കപ്പെടുന്ന പള്ളികളും പീഡിപ്പിക്കപ്പെടുന്ന വിശ്വാസികളും ഇന്ന് സർവ്വ സാധാരണമായി കൊണ്ടിരിക്കുകയാണ്.


**നമുക്ക് പ്രാർത്ഥിക്കാം.**

1) ഈ പീഡനങ്ങൾക്കിടയിലും ദൈവരാജ്യം ശക്തമായി വളരുവാൻ

2) പീഡനങ്ങൾ നേരിടുന്നവർ ദൈവത്തിന് വേണ്ടി നിലനിൽക്കുവാൻ ശക്തരായിത്തീരേണ്ടതിന് വേണ്ടി

## ടെക്കമ്മാവൻ & ടെക്കമ്മായി



കഷീണമോ...
തളർച്ചയോ...
ഉപയോഗിക്കൂ
'വചനബോധിനി വടകം'

ദിവസവും ഒന്നുവീതം സേവിക്കൂ,
ആയുസ്സും ആരോഗ്യവും സംരക്ഷിക്കൂ.
ഒരു ദൈവവചന ഉൽപ്പന്നം



HEALTH CORNER

# HAND WASHING (കൈകഴുകൽ)

**Sajini Blesson**



കൊച്ചുകൂട്ടുകാരുടെ സ്കൂൾ തുറന്നപ്പോൾ തന്നെ നല്ല മഴയും വന്നെത്തി. മഴയോടൊപ്പം നിരവധി മഴരോഗങ്ങളും നിപാ പോലെയുള്ള വൈറസുകളും ഒളിച്ചെത്താറുണ്ട്. ഇത്തരം രോഗങ്ങളെ നേരിടുവാനുള്ള പ്രാഥമിക പ്രതിരോധമാർഗ്ഗമാണു കൈകഴുകുക എന്നുള്ളത്.




**എങ്ങനെയാണു വൃത്തിഹീനമായ കൈകളിൽ കൂടി രോഗങ്ങൾ ഉണ്ടാകുന്നത്?**

? Salmonella, ecoli പോലെയുള്ള അണുക്കൾ മലവിസർജ്യങ്ങളിലൂടെ കൈകളിലെത്തുന്നു.

? Influenza പോലെയുള്ള വൈറസുകൾ തുമ്മുകയും ചീറ്റുകയും ചുമക്കുകയും ചെയ്യുമ്പോൾ കൈകളിലെത്തുന്നു.

? രോഗികളുമായി സമ്പർക്കം പുലർത്തുമ്പോൾ

? അണുക്കൾ നിറഞ്ഞ വസ്തുക്കൾ മൊബൈൽ ഫോൺ, കളിപ്പാട്ടങ്ങൾ, ടോയിലറ്റ് സീറ്റ് കൈകാര്യം ചെയ്യുന്നതിലൂടെ

? പാചകം ചെയ്യാത്ത മത്സ്യം, മാംസം തുടങ്ങിയവയിലൂടെ.

**എങ്ങനെയാണ് കൈകൾ കഴുകേണ്ടത്?**

സോപ്പും വെള്ളവും ഉപയോഗിച്ച് 8 ഘട്ടങ്ങളിലൂടെ കൈ കഴുകണം (8 steps using soap and water).

1. കൈപ്പത്തികൾ പരസ്പരം ഉരച്ചു കഴുകുക (Palm to palm).
2. വിരലുകൾക്കിടയിൽ കഴുകുക (Between fingers).
3. കൈയുടെ പിൻഭാഗം കഴുകുക (Back of hands).
4. തള്ളവിരൽ കഴുകുക (base of thumbs).
5. വിരലുകളുടെ പിൻഭാഗം കഴുകുക (back of fingers).
6. നഖങ്ങൾ കഴുകുക (finger nails).
7. കൈത്തണ്ട കഴുകുക (wrists).
8. തുടച്ച് വൃത്തിയാക്കുക (wipe dry).

**എപ്പോഴൊക്കെ കൈകഴുകണം?**

? ആഹാരം കഴിക്കുന്നതിനു മുൻപ്

? ടോയിലറ്റിൽ പോയതിനു ശേഷം

? ആഹാരം പാകം ചെയ്യുന്നതിന് മുൻപ്

? തുമ്മിയതിനോ ചുമച്ചതിനോ മൂക്ക് ചീറ്റിയതിനോ ശേഷം കൈ കഴുകണം

? മൃഗങ്ങളെ താലോലിച്ചതിനു ശേഷം

? കളികൾ കഴിഞ്ഞു വരുമ്പോൾ കൈകൾ വൃത്തിയാക്കണം

? സ്കൂളിൽ നിന്നും മടങ്ങി വരുമ്പോഴും രോഗികളെ സന്ദർശിച്ച ശേഷവും ആദ്യം കൈ കഴുകണം

? പാചകം ചെയ്യാത്ത മത്സ്യം മാംസം എന്നിവ കൈകാര്യം ചെയ്തതിനു ശേഷം

? വീടിനു വെളിയിൽ പോയിട്ട് വരുമ്പോൾ കൈകൾ കഴുകി വൃത്തിയാക്കണം

# സമ്മാനം.. സമ്മാനം.

ഇത് നിങ്ങളുടെ പേജാണ്. നിങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ എന്തും ഇവിടെ ചെയ്യാം. കഥയോ, കവിതയോ, ചിത്രം വരയ്ക്കുകയോ, പെയിന്റിംഗ് ചെയ്യുകയോ അങ്ങനെ എന്തും. എന്നിട്ട് ഇതിന്റെ പുറകിലെ താളിൽ കൊടുത്തിരിക്കുന്ന മത്സരത്തിൽ പങ്കെടുക്കൂ. വിജയികൾക്ക് കിടിലൻ സമ്മാനം ഉറപ്പ്! വേഗമാകട്ടെ നിങ്ങളുടെ സൃഷ്ടികൾ **2018 ഒക്ടോബർ 10നു മുൻപായി** മറുപുറത്തു കൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

ഈ പേജ് മുറിച്ച് ഞങ്ങൾക്ക് അയച്ചു തരിക.

# പദപ്രശ്നം

പാസ്റ്റർ ഗ്ലാഡ്സൺ ജോൺ

**വലത്തോട്ട്**

1. എന്ത് നമ്മുടെ മേൽ വരുമ്പോഴാണ് നാം ശക്തി ലഭിച്ചിട്ട് സാക്ഷികളായിത്തീരുന്നത്
11. ബൈബിളിലെ 28-ാമത്തെ പുസ്തകം
6. യഹൂദന്മാർക്ക് സമ്പർക്കമില്ലാതിരുന്ന പട്ടണം
2. എന്തിന്റെ സംഖ്യയാണ് 666
8. ആരുടെ മറവിൽ വസിക്കുന്നവരാണ് യഹോവയെക്കുറിച്ച് എന്റെ സങ്കേതവും എന്റെ കോട്ടയും എന്ന് പറയുന്നത്
9. പൊന്നു കൊണ്ട് ഒരു ബിംബം ഉണ്ടാക്കിയ രാജാവ്

**താഴോട്ട്**

3. എവിടെ നടന്ന കല്യാണത്തിനാണ് യേശു വെള്ളം വീഞ്ഞാക്കിയത്?
5. സകലവും എന്താണെന്നാണ് സഭാപ്രസംഗി പറയുന്നത്?
4. എഫ്രയീം മറിച്ചിടാത്ത ................ ആകുന്നു.
9. ഏത് പർവ്വതത്തിൽ കയറിയാണ് മോശ കനാൻ ദേശം കണ്ടത്?
11. അബ്രഹാം എന്ത് യാഗം കഴിക്കുവാനാണ് യഹോവ ആവശ്യപ്പെട്ടത്?
2. സ്വയാശ്രയക്കാരെ മേയിക്കുന്നതാര്?


**ഇടത്തോട്ട്**

4. എന്ത് വിട്ടകന്നാണ് ഗുണം ചെയ്യേണ്ടത്?

**മുകളിലേക്ക്**

1. യേശുവിനെ തള്ളിപ്പറഞ്ഞ ശിഷ്യൻ?
7. നെബുക്കദ്നേസർ ദർശനത്തിൽ കണ്ട ബിംബത്തിന്റെ ഏത് ഭാഗമായിരുന്നു തങ്കം കൊണ്ടുള്ളത്?
10. യുദ്ധത്തിൽ ജയിക്കുവാൻ മോശയുടെ കൈതാങ്ങിയ ഒരു വ്യക്തി

**പദപ്രശ്നം പൂരിപ്പിച്ച് 2018 ഒക്ടോബർ 10നു മുൻപായി അയച്ചുതരുക. എല്ലാ ഉത്തരവും ശരിയാക്കുന്നവർക്ക് അടിപൊളി സമ്മാനങ്ങൾ കാത്തിരിക്കുന്നു. ഒപ്പം നിങ്ങളുടെ കലാസൃഷ്ടികളും ഞങ്ങൾക്ക് അയച്ചുതരേണ്ട വിലാസം**




പേര് ........................................ വയസ്സ്..........

അഡ്രസ്സ് ............................................................

.........................................................................

................................... പിൻ ............................

ഫോൺ ...........................................................

**സമ്മാനം, സമ്മാനം, നന്മ,**
സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്
മൗണ്ട് സിയോൻ, മുളക്കുഴ 689 505
**E:** cgisundayschool@gmail.com
**W: www.cogsundayschool.org**



വേദബന്ധു

# പഴഞ്ചൊല്ലും ഉണ്ടോ ബൈബിളിൽ

ഉണ്ടല്ലോ. അവിടെയും ഇവിടെയും ഒളിഞ്ഞും തെളിഞ്ഞും കിടപ്പുണ്ടെന്നു മാത്രം. വരികൾക്കിടയിലും വരികളിലൂടെയും ബൈബിൾ വായിക്കണം ഇതിന്. അപ്പോൾ നമുക്കു കിട്ടും പറഞ്ഞു പറഞ്ഞു പഴകിയ ചൊല്ല്. അഥവാ പഴഞ്ചൊല്ല്. സംസാരത്തിൽ നാം നിരന്തരം ഉപയോഗിക്കുന്നതാണ് പഴഞ്ചൊല്ലുകൾ. എന്നാൽ ഇന്ന് പഴഞ്ചൊല്ലുകൾ കാലഹരണപ്പെട്ടു പോയോയെന്ന് സംശയം. ഈ സംശയം അസ്ഥാനത്തല്ലായെന്നും തോന്നുന്നു. അതിനാൽ നമുക്ക് നിർല്ലോപം പഴഞ്ചൊല്ലുകൾ ഉപയോഗിച്ചു പഠിക്കാം. അങ്ങനെ രസമുള്ള നമ്മുടെ വേരുകളിലേയ്ക്ക് മടങ്ങാം. ആസ്വദിക്കാം. പൊട്ടിച്ചിരിക്കാം.

'യഥാ മാതാ തഥാ പുത്രി' ബൈബിളിൽ കാണുന്ന പഴഞ്ചൊല്ലുകളിൽ ഒന്ന്. സംസ്കൃതത്തിൽ നിന്നു പകർത്തിയത്. എബ്രായ ഭാഷയിൽ നിന്നു മൊഴിമാറ്റം നടത്തിയപ്പോൾ പരിഭാഷകർ തങ്ങളുടെ കരവിരുത് എത്ര മനോഹരമായാണ് കാണിച്ചു തന്നത്. അമ്മ എങ്ങനെയോ അതുപോലെ മകളും എന്ന് അർത്ഥം വരുന്ന ഈ പഴഞ്ചൊല്ല് പ്രവചനപുസ്തകമായ യെഹസ്കേലിലാണ് കാണുന്നത്.

'വൈദ്യാ നിന്നെത്തന്നെ സൗഖ്യമാക്കുക.' ഇതും ഒരു പഴഞ്ചൊല്ലാണ്. ബൈബിളിലെ. ഒരു പക്ഷേ യേശു ആദ്യം ഉപയോഗിച്ച പഴഞ്ചൊല്ല്. ചിലപ്പോൾ രണ്ടാമത്തേതും ആകാം. 'വിതയ്ക്കുന്നത് ഒരുത്തൻ, കൊയ്യുന്നത് മറ്റൊരുത്തൻ.' ഇതാകാം ഒന്നാമത്തേത്. ഏത് വേണമെങ്കിലും ആയിക്കോട്ടേ. യേശു ഉപയോഗിച്ചതു പോലെ നല്ല പഴഞ്ചൊല്ലുകൾ നമ്മുടെ ഇടയിലും കളിയാടിയാൽ മതി. പഴഞ്ചൊല്ലുകൾ കൊണ്ടൊരു അമ്മാനമാട്ടം. ഇവ മൂന്നും മാത്രമല്ല ബൈബിളിൽ പഴഞ്ചൊല്ലുകളായിട്ട്. ഇനിയുമുണ്ട് ധാരാളം. ചിലതൊക്കെ നമുക്ക് ഇവിടെ കുറിച്ചുകളയാം അല്ലേ? മൃഗങ്ങളെക്കുറിച്ചുള്ള പഴഞ്ചൊല്ല് തന്നെയാവട്ടെ ആദ്യം. 'സ്വന്തം ഛർദ്ദിക്ക് തിരിഞ്ഞ നായ്'. 'കുളിച്ചിട്ട് ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നി.' പത്രോസ് അപ്പോസ്തലൻ തന്റെ തൂലികയാൽ രചിച്ച പഴഞ്ചൊല്ലുകളാണിവ. പ്രസിദ്ധമായ ഒരു പഴഞ്ചൊല്ല് നമ്മുടെ വേദപുസ്തകത്തിൽ നിന്ന് ലോകമെമ്പാടും ചിതറി വീണിട്ടുണ്ട്. 'കൂശ്യന്നു (ഇത്യോപ്യക്കാരൻ) തന്റെ ത്വക്കും പുള്ളിപ്പുലിക്ക് തന്റെ പുള്ളിയും മാറ്റാൻ കഴിയുമോ' എന്നത്. യിരെമ്യാവിന്റെ പുസ്തകത്തിൽ നിന്നാണ് ലോകത്തിലേക്ക് ഇത് വ്യാപിച്ചത്! അധ്യായം 13 വാക്യം 23.



'ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുക' എന്ന് യേശുകർത്താവ് പറഞ്ഞപ്പോൾ എന്തുമാത്രം അർത്ഥവ്യാപ്തിയാണ് ലഭിച്ചത്. മനോഹരമായി കൊത്തി മിനുക്കിയ ഒരു ശില്പം പോലെയുള്ള ചൊല്ല്. ചുമ്മാതല്ല, യേശുവിന്റെ പിന്നിൽ ലോകം ആയിപ്പോയത്. ലാവണ്യ വാക്കുകളാണല്ലോ ഗുരുവിൽ നിന്ന് വീണു കൊണ്ടിരുന്നത്.


'അപ്പന്മാർ പച്ച മുന്തിരിങ്ങാ തിന്നു മക്കളുടെ പല്ല് പുളിച്ചു'. യെഹസ്കേലും യിരെമ്യാവും മത്സരിച്ച് ഇങ്ങനെ എഴുതിയപ്പോൾ നമുക്ക് സുന്ദരമായ ചൊല്ല് ലഭിച്ചു. 'കാറ്റ് വിതച്ചാൽ കൊടുങ്കാറ്റ് കൊയ്യും' എന്ന് ഹോശേയ പറഞ്ഞപ്പോൾ പഴയ പഴഞ്ചൊല്ലുകളിലെ രാജാവ് ഇവനാണോ എന്ന സംശയം ആർക്കും തോന്നാം. അതേ, ചൊല്ലുകളെ ചൊല്പടിക്കു നിർത്തിയ പഴഞ്ചൊല്ലു തന്നെ കേമൻ.



സ്പോർട്ടിയൻ ഡോണ

# SUNDAY IS HOLYDAY

## അതിനാൽ ഞാൻ ഓടില്ല




വർഷം - 1924
സംഭവസ്ഥലം - പാരീസ് ഒളിംപിക്സ്
നായകൻ - എറിക് ലിഡൽ


എറിക് ലിഡൽ ചൈനയിൽ ജനിച്ചു. മാതാപിതാക്കൾ മിഷനറിമാർ. എഡിൻബർഗ് സർവ്വകലാശാലയിൽ പഠിച്ചു. ക്രിസ്തീയ വിശ്വാസി. ഭക്തൻ. ഈ ചെറിയ വിവരണത്തിൽ നിന്ന് തലക്കെട്ടിലെ സംഭവത്തിലേക്ക് നമുക്കൊന്ന് തിരിഞ്ഞോടിയാലോ?

1924-ൽ പാരീസിൽ നടന്ന ഒളിംപിക്സിൽ 100 മീറ്റർ ഹീറ്റ്സിൽ പങ്കെടുക്കാൻ എറിക് ലിഡൽ വിസമ്മതിച്ചു. കാരണം മത്സരം നടന്നത് ഒരു ഞായറാഴ്ച! അദ്ദേഹത്തിന്റെ ഇഷ്ട ഇനമായിരുന്നു ഇത്. പക്ഷേ, അദ്ദേഹം മത്സരിച്ചില്ല. മത്സര ഷെഡ്യൂൾ നേരത്തെ പ്രഖ്യാപിച്ചിരുന്നതിനാൽ ഒളിംപിക്സിനു മുമ്പേ പലരും ഇദ്ദേഹം മത്സരിക്കുന്നില്ലെന്നു അറിഞ്ഞിരുന്നു. എന്നാൽ, അവിടം കൊണ്ട് അദ്ദേഹം നിറുത്തിയില്ല. 400 മീറ്ററിൽ മത്സരിച്ചു, സ്വർണ്ണമെഡൽ നേടുകയും ചെയ്തു. ഈ മത്സരത്തിനു മുമ്പ് ബ്രിട്ടീഷ് ടീമിലെ ഒരു തിരുമ്മലു വിദഗ്ധൻ ഒരു കടലാസ് ചുരുട്ടി അദ്ദേഹത്തിന്റെ കൈയിൽ ഏല്പിച്ചിരുന്നു. അതിൽ ഇങ്ങനെ എഴുതിയിരുന്നു: "ദൈവത്തെ മാനിക്കുന്നവനെ ദൈവം മാനിക്കും". ലോക റെക്കോഡോടെയാണ് 400 മീറ്ററിൽ താൻ വിജയിച്ചു കയറിയത്. 12 വർഷം ഇത് യൂറോപ്പിൽ റെക്കോഡായിരുന്നു. 1936-ൽ മറ്റൊരാൾ തകർക്കും വരെ.


പിന്നീട് ഇദ്ദേഹം ദൈവത്തിനു വേണ്ടി ഓടി. ചൈനയിൽ മിഷനറിയായി ഓട്ടം തികച്ചു. ഇവിടുത്തെ ഓട്ടക്കളം വിട്ടൊഴിഞ്ഞു, അവിടുത്തെ കിരീടത്തിനായി.




ബിജു കെ. ജോൺ, പുതുപ്പള്ളി
അമ്പട നാക്കേ..
ആഹാരപദാർത്ഥങ്ങളുടെ രുചി അറിയാൻ നമ്മെ സഹായിക്കുന്ന സൂത്രക്കാരനാണ് നാക്ക്.
ഭക്ഷണം ശരിക്കു ചവയ്ക്കാനും, വിഴുങ്ങാനും സംസാരിക്കാനുമൊക്കെ നാക്ക് കൂടിയേ തീരൂ. എന്നാൽ ചില ജീവികളുടെ നാക്കിന് കൈയ്യുടെ ജോലി കൂടെയുണ്ട്. തവള, പല്ലി എന്നിവ പശയുള്ള നാവു കൊണ്ടാണ് ഇര പിടിക്കുന്നത്.


ഇരയെ കണ്ടാൽ നാക്കു നീട്ടി അവയെ കുടുക്കുകയാണ് ഇക്കൂട്ടരുടെ തന്ത്രം. നാക്കിലെ പശയിൽ ഒട്ടിപ്പിടിക്കുന്നതിനാൽ ഇരയ്ക്ക് രക്ഷപ്പെടാൻ കഴിയുകയില്ല.


ഭക്ഷണം തേടാൻ നാക്കുപയോഗിക്കുന്ന മറ്റൊരു ജീവിയാണ് ഉറുമ്പുതീനി. ഇതിന്റെ നാക്ക് പശയുള്ളതും നീളമുള്ളതുമാണ്. മൺപൊത്തിലും മറ്റും നാക്ക് കടത്തി നാവിൽ പറ്റിപ്പിടിക്കുന്ന ഉറുമ്പുകളെ അവ അകത്താക്കും.






നമ്മുടെ നാക്കു കൊണ്ട് തൊട്ടടുത്തുള്ള മൂക്കിനെ പോലും സ്പർശിക്കാനാവില്ല. എന്നാൽ ആഫ്രിക്കയിലുള്ള 'ഒകാപി' യുടെ നാക്ക് ചെവി വരെ എത്തും. ശരീരം മുഴുവനും നക്കിത്തുടച്ച് വൃത്തിയാക്കാൻ ഒകാപിയെ സഹായിക്കുന്നത് നീളൻ നാക്കാണ്.







ലാസറിന്റെ ഉയിർപ്പ്
സഹോദരിമാരായ മാർത്തയും, മറിയയും സഹോദരൻ ലാസർ മരിച്ച ദുഃഖത്തിലാണ്.
അതേ...
ഗുരു ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നു.
അപ്പോൾ യേശുക്രിസ്തു അവിടെയെത്തി.
ഗുരോ.... വന്ദനം...
വരൂ കല്ലറയിലേയ്ക്ക് പോകാം...



അവർ വളരെ ദുഃഖത്തോടെ കല്ലറയുടെ അടുത്തെത്തി
ആ കല്ല് മാറ്റൂ
ഗുരോ... ലാസർ മരിച്ചിട്ട് നാല് നാളായി. കല്ല് മാറ്റിയാൽ ദുർഗന്ധമുണ്ടാകും.
വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും
ലാസറേ പുറത്തു വരിക
നന്ദി ഗുരോ നന്ദി...
പിതാവേ... അങ്ങ് പ്രാർത്ഥന കേട്ടതിനായ് സ്തോത്രം

When Someone
Calls God
In prayer,
God Answers.
Look up these
Scriptures and
Fill in the acrostic
On the phone with
names of Bible people
Who found that
prayer works
The black squares
spell out what God wants
us to do when we pray




Acts 12: 5-7
Ezra 10: 1- 5
II Corin: 12:7-10;1:1
John 14: 6,16
Esther 4:15, 16; 8:3-8; 9:1

"നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ
നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി
പ്രാർത്ഥിപ്പിൻ" മത്തായി 5:44.



## ശത്രുവിനെ മിത്രമാക്കാം.

1. കീരി
2. കരി
3. കമ്പ്
4. പാമ്പ്

1. കുറുക്കൻ
2. ______
3. ______
4. കലമാൻ

ഇതുപോലെ കൂട്ടുകാർ
ഒന്നു ശ്രമിക്കൂ...




• ബിജു, കോട്ടയം.

# ഹലോ മിസ്റ്റർ സക്കായി

ഫിലിപ്പ് കെ. ആൻഡ്രൂസ്

ഇളം കാറ്റുകൊള്ളാൻ കാട്ടത്തിമരത്തിൽ കയറിയിരിക്കുന്ന സക്കായിയെ ഇന്റർവ്യു ചെയ്യാനെത്തിയിരിക്കുകയാണ് ദിവ്യദർശൻ റിപ്പോർട്ടർ മാർ. ലൂക്കോസ് 19:1 മുതൽ 10 വരെ വായിച്ചിട്ട് കൂട്ടുകാർക്ക് സക്കായിയുടെ വാക്കുകൾ പൂരിപ്പിക്കാമോ ?

**റിപ്പോർട്ടർ** : ഹലോ മിസ്റ്റർ സക്കായി, ഞങ്ങൾ താങ്കളെ കാണാൻ ദിവ്യദർശനിൽ നിന്നു വരുന്നു. ഞങ്ങൾക്ക് താങ്കളോട് ചില ചോദ്യങ്ങൾ ചോദിക്കുവാനുണ്ട്.

**സക്കായി** : അതിനെന്താ, ചോദിച്ചോളൂ.

**റിപ്പോർട്ടർ** : ആദ്യമായി താങ്കൾ സ്വയമൊന്നു പരിചയപ്പെടുത്താമോ.

**സക്കായി** : ഞാൻ വളരെ നാളുകളായി റോമൻ ഗവൺമെന്റിന്റെ ചീഫ് ടാക്സ് കളക്ടർ ആയിരുന്നു. അതുകൊണ്ട് എന്റെ സ്വന്തജാതിക്കാരായ യഹൂദന്മാർക്ക് എന്നെ വെറുപ്പായിരുന്നു.

എന്നാൽ ഇപ്പോൾ ഞാൻ ലോകരക്ഷകനായ യേശു ക്രിസ്തുവിന്റെ അനുയായിയാണ്.

**റിപ്പോർട്ടർ** : താങ്കൾ ഇത്ര ധനികനായതിനു പിന്നിൽ എന്തോ ചില അഴിമതിക്കഥകളൊക്കെ പറഞ്ഞു കേൾക്കുന്നുണ്ടല്ലോ, അതെന്താണ് ?

**സക്കായി** : ശരിയാണ്, ചുങ്കം പിരിവുകാരനായിരുന്ന സമയത്ത് വളരെയധികം പണം അധികമായി വാങ്ങാറുണ്ടായിരുന്നു. അങ്ങനെ, മറ്റുള്ളവരുടെ പണംകൊണ്ടാണ് യഥാർത്ഥത്തിൽ ഞാൻ പണക്കാരനായത്, പക്ഷേ ഇപ്പോൾ അതെല്ലാം വെറും പഴങ്കഥ. ഇന്നു ഞാൻ അവിടുത്തെ കാരുണ്യംകൊണ്ട് സത്യസന്ധനാണ്.

**റിപ്പോർട്ടർ** : ഓഹോ, അതുശരി, അപ്പോൾ എങ്ങനെയാണ് താങ്കൾക്ക് ഇങ്ങനെയൊരുമാറ്റം സംഭവിച്ചത് ?

**സക്കായി** : കുറച്ചുദിവസങ്ങൾക്കു മുമ്പായിരുന്നു ആ സംഭവം. യേശു ഇതുവഴി വരുന്നു എന്ന വാർത്ത നാടെങ്ങും പരന്നിരുന്നു. അന്ന് എനിക്കും അദ്ദേഹത്തെ ഒന്നു കണ്ടാൽ കൊള്ളാമെന്നു തോന്നി. പക്ഷെ പൊക്കക്കുറവായതുകാരണം ഈ ജനത്തിരക്കിനിടയിൽ എങ്ങനെ കാണാൻ... പെട്ടെന്നുദിച്ച ഒരു ആശയമായിരുന്നു ഈ കാട്ടത്തിയിൽ കയറുക എന്നത്. അദ്ദേഹം എന്നെ കാണേണ്ട എന്നുകരുതി അല്പം മറഞ്ഞാണ് ഇരുന്നത്. പക്ഷെ മരത്തിന്റെ ചുവട്ടിലെത്തിയതും അദ്ദേഹം മുകളിലേക്ക് ഒരു നോട്ടം! ഞാൻ ശരിക്കും ഞെട്ടി.

അദ്ദേഹം പറഞ്ഞു. .............

അന്നു ഞാൻ അദ്ദേഹത്തെ എന്റെ ഉള്ളത്തിലും ഭവനത്തിലും കൈക്കൊണ്ടു. പിന്നെ എന്തൊരു മാറ്റമായിരുന്നെന്നോ എന്റെ ജീവിതത്തിൽ.

**റിപ്പോർട്ടർ** : അദ്ദേഹം താങ്കളുടെ വീട്ടിൽ വന്നപ്പോൾ യഹൂദന്മാരുടെ പ്രതികരണം എന്തായിരുന്നു ?

**സക്കായി** : അവർ അദ്ദേഹത്തെ കഠിനമായി വിമർശിച്ചു. അവർ പറഞ്ഞു .......

**റിപ്പോർട്ടർ** : പിന്നെ താങ്കൾക്കുവന്ന മാറ്റം നാട്ടു


കാർക്ക് മനസ്സിലായത് എങ്ങനെയാണ് ?

**സക്കായി** : യേശുക്രിസ്തുവിനായി എന്റെ ജീവിതത്തെ സമർപ്പിച്ചപ്പോൾ തന്നെ ഒരു കാര്യം ഞാൻ തീരുമാനിച്ചു. അന്നു ഞാൻ പറഞ്ഞു ; എന്റെ വസ്തുവകയിൽ .......

**റിപ്പോർട്ടർ** : ഞങ്ങളുടെ ഈ മാധ്യമം വീക്ഷിക്കുന്നവരോട് താങ്കൾക്ക് എന്തെങ്കിലും പറയാനുണ്ടോ ?

**സക്കായി** : ഉണ്ട്. ഇനിമുതൽ ആരും ജീവിതത്തിൽ അർത്ഥവും ലക്ഷ്യവും കണ്ടെത്താൻ കഴിയുന്നില്ലല്ലോ എന്നോർത്ത് ദു:ഖിക്കേണ്ടതില്ല. ഏതു ജീവിതത്തെയും സമൂലമായി മാറ്റിമറിക്കാൻ കഴിയുന്നവനാണ് യേശുനാഥൻ. എന്നെപ്പോലെയുള്ള എത്രവലിയ പാപിയെയും, സമൂഹത്തിൽ വെറുക്കപ്പെടുന്നവരെപ്പോലും സ്നേഹിക്കുന്ന സന്ഹേസ്വരൂപനാണ് അവിടുന്ന്. യേശുവിൽ വിശ്വസിച്ച് അവിടുത്തേയ്ക്കായി ജീവിതം സമർപ്പിക്കുന്നവർക്ക് ഈ ലോകത്തിൽ എന്നും ഹൃദയസമാധാനമുണ്ടാകും, മരണശേഷം നിത്യസ്വർഗ്ഗവും പിന്നെ, യേശുവിൽ വിശ്വസിച്ച് പാപമോചനം പ്രാപിക്കാത്തവർക്ക് ഒരിക്കലും അവസാനിക്കാത്ത എരിനരകമായിരിക്കും. ശിക്ഷ എന്നത് ഒരു മുന്നറിയിപ്പായിട്ടും പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

**റിപ്പോർട്ടർ** : വളരെ നന്ദിയുണ്ട് മിസ്റ്റർ സക്കായി. എന്നാൽ ഞങ്ങൾ ഇറങ്ങട്ടെ.





# Who am I?
# ഞാനാരാണ്?

സാറായി സാറ

1) ഞാൻ ശപിക്കപ്പെട്ട വ്യക്തിയാണ്. പരിഷ്ക്കാരികൾ തമ്മിൽ കാണുമ്പോൾ എന്നെ നീട്ടി വിളിക്കാറുണ്ട്. ഞാൻ ഒരുപാട് പേരുടെ നാശം കണ്ടിട്ടുണ്ട്. എന്റെ പ്രതിയോഗി യോശുവ ആയിരുന്നു. തീ പൊള്ളലേറ്റു ഞാൻ ആകെ വികൃതമായി പോയി. എന്റെ അടുക്കൽ വരുന്നവർ ആരും അനുഗ്രഹം പ്രാപിക്കാറില്ല. ആർക്കും വേണ്ടാതെ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു ഞാൻ കിടക്കുന്നു. ഒരു രാജാവിന്റെ മരണത്തിനും ഞാൻ ദൃക്സാക്ഷിയാണ്. ഹതഭാഗ്യനായ ഞാനാരാണ്?

2) എന്റെ പേര് അറിയപ്പെടുന്ന ഒരു വീട്ടുപകരണമാണ്. എന്റെ പേരിന്റെ കൂടെ ദീർഘമിട്ടാൽ വേറൊരു മഹാനാകും. ഞാനൊരു രാജാവാണ്. എന്റെ മുതുമുത്തച്ഛന് (പിതാമഹന്) ലോത്തുമായി ബന്ധമുണ്ട്. യിസ്രായേൽ രാജാവിന് 1 ലക്ഷം കുഞ്ഞാടുകളെയും 1 ലക്ഷം ആട്ടുകൊറ്റന്മാരുടെ രോമവും കൊടുത്തു വന്ന വ്യക്തിയാണ് ഞാൻ. ഒരു യുദ്ധത്തിനിടയിൽ എന്റെ ആദ്യജാതനെ പിടിച്ചു മതിലിന്മേൽ ദഹനയാഗം കഴിച്ചു. ഞാനാരാണ്?

3) എന്റെ ദീർഘം മാറ്റിയാൽ ഞാൻ ഒരു ജീവിയാകും. ഞാൻ വണ്ണമുള്ളവനാണ്. സെഞ്ചുറി അടിക്കുന്നതിന് രണ്ടു വർഷം മുൻപ് ഞാൻ ബെയൂലദേശത്ത് എത്തി. എന്റെ മക്കൾ താന്തോന്നികളാണ്. ഇരിക്കുമ്പോൾ വീണ് കഴുത്ത് ഒടിഞ്ഞാണ് ഞാൻ കർത്താവിൽ നിദ്ര പ്രാപിച്ചത്. ഞാനാര്?

4) ഞാൻ ഒരു രാജാവാണ്. എന്റെ പേരിന്റെ ദീർഘം മാറ്റിയാൽ പ്രാർത്ഥനയിൽ എല്ലാവരും ഉപയോഗിക്കുന്ന പദം ആകും. എന്റെ ഭൃത്യന്മാർ കൂട്ടം കൂടി എന്നെ കൊന്നു കളഞ്ഞു. എന്റെ പേരിൽ ഒരു 'മോൻ' ഉണ്ട്. പക്ഷേ എന്നെ കൊന്നുകളഞ്ഞവരെ ജനം കൊന്നു. എന്റെ മകൻ മിടുക്കനായിരുന്നു; ആത്മീയനായിരുന്നു. ഞാനാര്?

5) എനിക്കു തുല്യം മറ്റൊന്നില്ല. ഞാൻ എപ്പോഴും സംരക്ഷണയിൽ ആണ് കഴിയുന്നത്. കുറച്ചു നാൾ ഏഫോദിന്റെ പുറകിലായിരുന്നു ഞാൻ ഇരുന്നത്. ഒരു തുണിയിൽ എന്നെ പൊതിഞ്ഞിരുന്നു. ഒരു രാജാവ് എന്നെ തൊട്ടപ്പോൾ ഞാൻ സന്തോഷവാനായി. ഒരു ദുഷ്ട വ്യക്തിയുടെ നാശത്തിന് ഞാൻ കാരണമായി. ഞാനാര്?

6) ഞാൻ മഹാധനികനാണ്. ഞാൻ കാലേബ് വംശക്കാരനാണ്. ഞാൻ ഹീനനാണ്. ദുഷ്കർമ്മിയാണ്. എനിക്ക് 3000 ചെമ്മരിയാടും 1000 കോലാടും ഉണ്ട്. എന്റെ വ്യാപാരസ്ഥലം കർമ്മേലാണ്. നന്മയ്ക്കു പകരം തിന്മ ചെയ്ത വ്യക്തിയാണ് ഞാൻ. മരിക്കുന്നതിന് പത്ത് ദിവസം മുമ്പ് ദൈവം എന്നെ ശിക്ഷിച്ചു. അതിനാൽ ഞാൻ തളർന്നുപോയി. പത്തു ദിവസത്തിന് ശേഷം ദൈവം അടിച്ചു. ഞാൻ മരിച്ചു. ഞാൻ ആര്?

7) എന്റെ വായിൽ നിന്ന് തീപന്തം പുറപ്പെടുന്നു. തീപൊരി തെറിക്കുകയും ചെയ്യുന്നു. ഞാൻ തുമ്മിയാൽ വെളിച്ചം മിന്നും. എന്റെ മൂക്കിൽ നിന്ന് പുകയാണ് വരുന്നത്. കഴുത്തിലാണ് എന്റെ ബലം ഇരിക്കുന്നത്. എന്റെ മൂക്കിൽ കയറിട്ടാൽ നിങ്ങൾ പറയുന്ന കാശ് ഞാൻ തരാം. എന്റെ മുമ്പിൽ നൃത്തം ചെയ്യുന്നത് ആരാണ് എന്നറിയാമോ, നിരാശ. ഇനി പറയൂ ഞാനാരാണ്?

8) കടൽക്കരയിലെ മണൽപോലെ ഹൃദയവിശാലതയുള്ളവനായിരുന്നു ഞാൻ. നിന്നു കൊണ്ടു തുടങ്ങിയ പ്രാർത്ഥന മുഴങ്കാലിൽ അവസാനിപ്പിച്ച വ്യക്തിയാണ് ഞാൻ. അപ്പൻ എനിക്ക് സമാധാനം എന്നർത്ഥമുള്ള പേരിട്ടു. ഞാനാരാണ്?

9) എന്റെ പേരിന് മൂന്നക്ഷരവും ഒരു അനുസ്വാരവും ഉണ്ട്. എന്റെ അപ്പന്റെ പേര് അബ്രഹാം എന്നാണ്. ഹാബേലിന് നീതിമാൻ എന്ന സാക്ഷ്യം സമ്പാദിച്ചു കൊടുത്തത് ഞാനാണ്. ഹാബേൽ മരിച്ചിട്ടും സംസാരിച്ചുകൊണ്ടിരുന്നത് ഞാൻ മൂലമാണ്. ഹാനോക്ക് മരിക്കാതിരിക്കാൻ കാരണക്കാരൻ ഞാനാണ്. ഞാനില്ലാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല. ഞാനാര്?

10) ബൈബിളിൽ എന്റെ പേരിന്റെ കൂടെ മാത്രമേ അപ്പന്റെ പേര് ചേർത്തിട്ടുള്ളു. ഞാൻ ഒരു രാജാവാണ്. എന്റെ സ്ഥലം ബാബേലാണ്. ഞാൻ എഴുത്ത് എഴുതുന്നതിൽ മിടുക്കനാണ്. ഞാൻ മറ്റുള്ളവർക്ക് സമ്മാനവും കൊടുക്കും. ഹിസ്കിയാവ് രോഗമായി കിടന്നപ്പോൾ ഞാൻ ദൂതന്മാരെ അയച്ചു. ഞാനാരാണ്?

**ഉത്തരങ്ങൾ**: 1) ഹായി പട്ടണം, 2) മേശെ (ദീർഘമിട്ടാൽ മോശെ, പിതാമഹൻ - മോവാബ്, ലോത്തിന്റെ മകൻ), 3) ഏലി, (4) ആമോൻ (മകൻ - യോശീയാവ്), (5) ഗോല്യാത്തിന്റെ വാൾ, (6) നാബാൽ, (7) മഹാനക്രം, (8) സോളമൻ (ശലോമോൻ), (9) വിശ്വാസം, (10) മെരോദാക് ബലദാൻ അഥവാ ബെരോദാക് ബലദാൻ (ബലദാന്റെ പുത്രൻ)



## 2018 മെയ് 11,12 തീയതികളിൽ വയനാട്ടിൽ നടന്ന നോർത്ത് മലബാർ സോൺ സമ്മർ ക്യാമ്പിൽ നിന്നും....





SUNDAY SCHOOL DEPARTMENT

Summer camp







## 2018 ഏപ്രിൽ 30, മെയ് 1 തീയതികളിൽ കുമളിയിൽ നടന്ന ഹൈറേഞ്ച് സോൺ ക്യാമ്പിൽ നിന്നും ചില ദൃശ്യങ്ങൾ










SUNDAY SCHOOL DEPARTMENT
Summer camp



# നന്മ

കുട്ടികളുടെ ക്രിസ്തീയ മാസിക

• വാല്യം 3 • ലക്കം 2
ജൂലൈ 2018



For Private Circulation only

CHURCH OF GOD IN INDIA SUNDAY SCHOOL DEPT. ★ KERALA STATE
TRAIN UP THE CHILD IN THE WAY HE SHOULD GO

A CHURCH OF GOD KERALA STATE
SUNDAY SCHOOL DEPARTMENT PUBLICATION

www.cogsundayschool.org | Email: cgisundayschool@gmail.com

SUNDAY SCHOOL News

സൺഡേസ്കൂൾ വാർത്തകൾ



## സൺഡേസ്കൂൾ പ്രസിഡന്റ്

സൺഡേസ്കൂൾ പ്രസിഡന്റായി നിയമിതനായ
പാസ്റ്റർ തോമസുകുട്ടി എബ്രഹാമിന്
ആശംസകൾ!



## നന്ദിപൂർവ്വം

സ്ഥാനം ഒഴിഞ്ഞ സൺഡേസ്കൂൾ
പ്രസിഡന്റ്
പാസ്റ്റർ റ്റി.എ. ജോർജിന്
സൺഡേസ്കൂൾ ബോർഡിന്റെ നന്ദി....

# SUNDAY SCHOOL News

## സൺഡേസ്കൂൾ ഡിസ്ട്രിക്ട് എക്സിക്യൂട്ടിവ് കമ്മറ്റി

ഡിസ്ട്രിക്ട് പാസ്റ്റർ പ്രസിഡന്റായും, കഴിവതും വിശ്വാസികളിൽനിന്നും സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, കോർഡിനേറ്റർ എന്നിവരെയും തിരെഞ്ഞെടുക്കേണ്ടതാണ്. ദയവായി ഡിസ്ട്രിക്ട് പാസ്റ്റർമാർ മുകളിൽ പറഞ്ഞ ഭാരവാഹികളെ തിരെഞ്ഞെടുത്ത് ലിസ്റ്റ് ജൂലൈ 30 നു മുമ്പ് ഓഫീസിൽ നല്കേണ്ടതാണ്. പരീക്ഷാ ക്രമീകരണങ്ങൾ, താലന്തുപരിശോധന, അദ്ധ്യാപക പരിശീലനങ്ങൾ, കുട്ടികളുടെ പ്രോഗ്രാമുകൾ, എന്നിവ ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

## S.S. Day (സൺഡേസ്കൂൾ ദിനം)

ഈ വർഷത്തെ **സൺഡേസ്കൂൾ ദിനം ആഗസ്റ്റ് 12 ഞായറാഴ്ചയാണ്.** അന്നേ ദിവസം കുട്ടികളുടെ വിവിധ പരിപാടികൾ നടത്തേണ്ടതും പ്രത്യേക സ്തോത്രകാഴ്ച ശേഖരിച്ച് എല്ലാ സഭകളും ഓഫീസിൽ അയച്ചുതരേണ്ടതുമാണ്.

## 5-ാമത് സ്റ്റേറ്റ് ക്യാമ്പ്

ദൈവഹിതമായാൽ 5-ാമത് സൺഡേസ്കൂൾ സ്റ്റേറ്റ് ക്യാമ്പ് ഓണം അവധിയോടനുബന്ധിച്ച് **ഓഗസ്റ്റ് 22 മുതൽ 24 വരെ എറണാകുളത്തുവച്ച് നടക്കും.** പങ്കെടുക്കുന്ന കുട്ടികൾ 12-നും 18-നും മദ്ധ്യേ പ്രായമുള്ള സണ്ടേസ്കൂളിൽ പഠിക്കുന്നവരായിരിക്കണം. **ക്യാമ്പ് കോർഡിനേറ്റർ ബാബു എൻ. കുര്യാക്കോസ്, നമ്പർ 9446052133**

## താലന്തു പരിശോധന

സ്റ്റേറ്റ് താലന്തു പരിശോധന **2018 നവംബർ 6-ാം തീയതി ചൊവ്വാഴ്ച തിരുവല്ലാ ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ സ്റ്റേഡിയത്തിലുള്ള ഐ.സി.റ്റി.എസ്സ് ഓഡിറ്റോറിയത്തിൽ** വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക്: **പാസ്റ്റർ സാബു പി. ചാണ്ടി (താലന്തുപരിശോധനാ കൺവീനർ) നമ്പർ. 9447440469;** പാസ്റ്റർ ഗീവർഗ്ഗീസ് കെ.വി. (ജോ. കൺവീനർ) നമ്പർ 9446617959

## വാർഷിക പരീക്ഷ

**വാർഷിക പരീക്ഷ നവംബർ 25 ഞായറാഴ്ചയും, മെറിറ്റ് പരീക്ഷ ഡിസംബർ 29 ശനിയാഴ്ചയുമാണ്.** ക്ലാസ്സ് 3 ലെ, പാഠം 8, 16, 19, 29, 40 പാഠങ്ങൾ പരീക്ഷയ്ക്ക് പഠിക്കേണ്ടതില്ല. ക്ലാസ്സ് 4 ലെ, 2018 ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിലുള്ള 35 പാഠങ്ങളിൽ നിന്നായിരിക്കും പരീക്ഷക്ക് ചോദിക്കുന്നത്. (പഴയപുസ്തകത്തിലെ പാഠം 8, 19, 20, 22, 36 എന്നിവ പഠിപ്പിക്കേണ്ടതില്ല). ക്ലാസ്സ് 10 ലെ, പാഠം 36, 37 പാഠങ്ങൾ ഇപ്രാവശ്യത്തെ പരീക്ഷയിൽ ഉണ്ടായിരിക്കില്ല. ദയവായി അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. സൺഡേസ്കൂൾ രജിസ്റ്റർ ചെയ്യാത്ത സഭകളെയും സൺഡേസ്കൂൾ ഡേ ഓഫറിംഗ് ഓഫീസിൽ അടക്കാത്തവരെയും വാർഷിക പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

**പരീക്ഷാവിഭാഗം കൺവീനർ:**

**പ്രൊഫ. എം.കെ. സാമുവേൽ, നമ്പർ: 9446710679**

Church of God in India Kerala State
**SUNDAY SCHOOL DEPARTMENT**

# 5-ാമത് സ്റ്റേറ്റ് സ്റ്റുഡൻസ് ക്യാമ്പ്

## എവിടെ?

ഫെയ്ത്ത് സിറ്റി റിട്രീറ്റ് സെന്റർ,
കറുകുറ്റി, അങ്കമാലി

## എന്ന്?

2018 ഓഗസ്റ്റ്
22 ബുധൻ മുതൽ
24 വെള്ളി വരെ

## ആർക്കെല്ലാം പങ്കെടുക്കാം

12 വയസ്സുമുതൽ
18 വയസ്സുവരെയുള്ള കൂട്ടുകാർക്ക്

- പരിചയ സമ്പന്നർ നേതൃത്വം നൽകുന്നു
- ഗാനപരിശീലനം
- ഇൻഡോർ/ഔട്ട് ഡോർ ഗെയിമുകൾ
- ആക്ടിവിറ്റികൾ
- മിഷൻ ചലഞ്ച്
- വിഷയാധിഷ്ഠിത വചന പഠനം
- കൗൺസിലിംഗ് സെഷൻ
- ഫിലിം ഷോ

Registration Fees ₹150/-

For More Details: 9446052133, 9847820405
Email: cgisundayschool@gmail.com